## പന്ത്രണ്ടാം കേരള നിയമസഭ
### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ. 451

15.07.2008-ൽ
മറുപടി നൽകേണ്ടത്

**ജസ്റ്റിസ് പൂഞ്ചി കമ്മീഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. മുരളി പെരുനെല്ലി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. വി. ശശികുമാർ | ശ്രീ.വി.എസ്.അച്ചുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ പുനരവലോകനം ചെയ്യുന്നതിന് നിയമിതമായിട്ടുള്ള ജസ്റ്റിസ് പൂഞ്ചി കമ്മീഷൻ ഏതെങ്കിലും വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ അവലോകനം ചെയ്യുന്നതിന് നിയമിതമായിട്ടുള്ള ജസ്റ്റിസ് പൂഞ്ചി കമ്മീഷൻ, അതിന്റെ വിഷയ നിർദ്ദേശങ്ങ (Terms of Reference) ളെ അടിസ്ഥാനമാക്കി, കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ പ്രാധാന്യമർഹിക്കുന്ന കാലിക പ്രശ്നങ്ങളിലും മുഖ്യ വിഷയങ്ങളിലുമുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. കൂടാതെ കമ്മിഷന്റെ കരട് പ്രശ്നാവലി (Draft Questionnaire), അന്തിമ പ്രശ്നാവലി (Final Questionnaire), എന്നിവയിൻമേലും സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |
| (ബി) ഈ കമ്മീഷൻ നിയമിക്കപ്പെട്ടിട്ട് എത്ര വർഷമായി ; | ഒരു വർഷം. |
| (സി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് സംസ്ഥാന സർക്കാരുകളുമായി ആലോചിച്ചാണോ തീരുമാനിച്ചത് ; | അല്ല. |
| (ഡി) കമ്മീഷന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ? | 27.04.2009-ൽ.<br>കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**VIEWS/COMMENTS/PROPOSAL OF THE GOVERNMENT OF KERALA ON THE MATTERS TO BE TAKEN UP WITH JUSTICE M.M.PUNCHHI COMMISSION BASED ON THE TERMS OF REFERENCE OF THE COMMISSION**

**1.** The Inter-State Council is the only constitutionally recognised body where the States and the Centre are both represented, and which can therefore play the role of an apex body in all matters involving the Centre and States. But while the Constitution recognises the Inter-State Council, it says nothing about its composition and membership. *It must be ensured that the composition of this Council is such as to give a balanced representation to the Centre and the States.*

**2.** The setting up of Constitutional bodies like the Finance Commission which adjudicate between the Centre and the States is now almost entirely the prerogative of the Central Government. State Governments are never consulted about who should be the members of such bodies. As a result, the Central Government selects hand-picked persons for such bodies who do more or less what it wants. The Elevanth Finance Commission went to the extent of placing "conditionalities" upon State Government, of the sort the Centre would have liked and was insisting on, such as the carrying out of "power sector reforms", even to access the funds that were legitimately due to them. Indeed one member of the Commission, Dr.Amaresh Bagchi, explicitly protested against this, and gave a dissenting note. To prevent such situations, *the composition of such Constitutional bodies must be ratified by the Inter-State Council where both the Centre and the States are represented.* The States in ther words must have a say regarding the membership of such bodies.

3. The Central Government currently enters into a number of International Agreements like the WTO, Free Trade Agreements, and International Treaties, which have a direct effect on the States, without consulting the State Governments. Such agreements impinge on areas like agriculture which, even Constitutionally are the prerogative of the State Governments; and yet, the State Governments are never consulted. Given the fact there is no system of compensations in our country, where the gainers from such agreements can be made to compensate the losers, this unilateralism on the part of the Centre is seriously damaging the federal structure of our country. The Centre must be made to consult the States before entering into any such agreements which affect States or which impinge on areas reserved for the State Governments in the Constitution. One way of doing this would be to ensure that all the agreements are cleared by a revamped Inter-State Council where there is fair representation for both the Centre and the States. This Council, if it ratifies any such agreement, can, while doing so, set up some mechanism for ensuring that the affected states are adequately compensated.

4. Freedom in matters of fiscal policy has been largely taken away from the State Governments with the substitution of a Value Added Tax, aiming to have uniform rates across all states, for the sales tax which was the largest revenue source for the States, and also with the enactment of Fiscal Responsibility Legislation. This violates not only the spirit of federalism but also the essence of democracy, since it prevents the possibility of State Governments with different

political-ideological outlooks, among whom the people choose, trying out different economic programmes. Again Dr.Amaresh Bagchi, an expert on issues of federal finance, had criticized this arrangement. Even assuming that we wish to shift to a VAT-regime, it would be much better, if, as in the early years of the European Union, only a minimum VAT rate is fixed centrally for each category of goods, and the States are left free to fit their own rates subject to this national minimum.

5. The Centrally Sponsored Schemes have been criticized by State Governments for a long time. The very assumption behind having such Schemes is that the Centre knows better than the State Governments what the priority sectors for social expenditure are. Since the State Governments are democratically elected entities, as much as the Central Government is, such an assumption is out of place. And since the conditions vary considerably across states, the one-size-fits-all philosophy of Centralized Sponsored Scheme is quite counter-productive. It is much better if the funds earmarked for Centrally Sponsored Schemes are put into a common pool, preferably through the Finance Commission, which is distributed across states according to some clear criteria, stipulating performance related targets for expenditure on certain specified areas of the social sector in accordance with the states' own priorities.

6. Likewise, the Central Government attaching "conditionalities" to Central assistance is completely contrary to the spirit of federalism. It amounts to an imposition of a particular economic ideology which the Centre happens to subscribe to on all the states, and thereby preventing the people's choice of State

Governments from making a difference to economic policies. The most notorious example of this *genre* is the JNNURM, which insists that State Governments should remove urban land ceilings and reduce Stamp Duty to 5 percent as a condition for accessing funds under this Scheme. The latter proposal is justified in the name of the so-called "Laffer Curve", a spurious piece of economics, which has neither theoretical validity nor empirical support. Even if the Centre believed in this particular piece of economics, there is no reason why it should impose it on all the states. Preliminary calculations suggest that reducing Stamp Duty will entail a revenue loss for Kerala that would far outweigh the funds she can hope to access from JNNURM. Nonetheless Kerala has to accept these conditionalities for the same reason that the peasant has to accept the terms dictated by the village moneylender.

7. State Governments have in recent times been systematically holding surplus cash balances, a result of the FRBM legilation. These are typically put into 14-day Treasury Bills of the Central Government, which earn 5 percent rate of interest. These funds however come into the hands of the State Government through small savings etc., which carry much higher rates of interest. On the other hand the Centre when it accesses these funds repurchases its securities with the RBI, which carry much higher rates of interest. Hence while the states borrow dear to lend cheap, the Centre, by the same arrangement, borrows cheap to retire debt that is dearer. Of course if the phenomenon of such surplus cash balances could be done away with completely, then that would be the best. But the RBI is of the view that this problem is going to continue for some time. In such a

case it would be much better of the RBI accepts these cash balances as deposits at 5 percent interest rate, and, after keeping a certain cash reserve, lends the rest to State Government at interest rates which exceed this 5 percent only by an amount that covers the transaction costs. In other words the RBI could become a bank for State Governments, so that they can borrow at rates cheaper than what they now pay. Since the borrowing limits currently in force can still operate, this arrangement can only give states cheaper funds without entailing any profligacy on their part.

8. The Central Government has in recent years been issuing guidelines to the states on the issue of devolution of funds from the states to the LSGIs and on how planning is to be done at the LSGI level. This is a violation of the Constitutional provisions which clearly specify that it is the state legislatures that have to enact legislation regarding how planning is to be conducted at the LSGI level. Issuing guidelines about planning to the LSGIs, therefore, is a State Government responsibility; the Centre does not enter the picture at all. The Centre may desist from exceeding its Constitutional role and entering into the domain of State Governments' relations with the LSGIs. To give the Planning Commission, which is a Departmental body of the Central Govt., punitive power over States for not devolving adequate planning tasks to LSGIs, would therefore a violation of the constitutional rights of the States.

9. Service taxes are emerging as an important source of revenue in view of the fast growth of this sector. Currently the State Governments do not levy this tax, which is in the Centre's domain. It may be thought that the entire issue of which entity levies this tax is of

little relevance, since the tax proceeds are going to be shared anyway. But the State Governments are in a much better position to garner revenue from the service tax, being on the spot as it were, than the Central Government. At least certain specified service taxes therefore should be transferred to the State Government.

**10.** Though the Constitution of India provides for separate sources of revenues for the Union and the States, the ever-increasing dependence of the States on the Centre has been the most important issue in fiscal federalism since long. Hence the demand for increased share of revenue for the state should be the guiding principle of the States participation in the conference. The State Government would like to raise serious objections on the instances of the Union Government imposing indirect taxes on the State subjects. It is also explicit that fixing of the different sums for different States in each year as grants-in-aid of the revenues of such States is not based on the principle of equity, but on extraneous considerations, that too beyond the voted funds. Such practices need be discontinued. To achieve the objects discussed above, suitable amendment to Article 268 to 281 of the Constitution, which discuss the financial relations between the Government of India and the States may be required.

**11.** It is also advisable that the adequacy of provisions in the existing laws for building on and accommodating diversities may be reviewed. Help of Inter-State Councils may be resorted to for solving Inter-State disputes and Inter-Governmental issues.

**12.** State of Kerala has done remarkably well in Health, Social Welfare and Education sectors because of historical reasons, high literacy, metaphorical system, drastic land reforms and equitable

distribution of income. It is difficult to sustain these developments without financial assistance from Central Government. Kerala State depends on Central Government for additional resources in all these sectors to continue with the human resources development and to sustain them in the years to come. The demographic transition of the State shows a steady rise of ageing population in the years to come, which will add lot of resources constraints on the State Government for geriatric care and rise of non-communicable diseases. Therefore, the State requires a special consideration in terms of resource mobilization to sustain high degree of achievements in Health Education and Social Welfare sectors.

**13.** Now a days the flow of Inter State migrant workman to Kerala seems to be very high, mainly to the construction and allied sectors. The state has to provide fund for implementing welfare schemes for those migrant workers for their better living conditions. On consideration of the expenditure incurred by the State in this regard Centre may consider to allot a proportionate amount to the State where migrant workers are employed. Centre may allow the State Government to make amendment in Central rules according to necessity to that particular State is concerned.

**14.** It is requested that the Centre may consult with the State also while providing Special Economic Zone (SEZ) in different sectors, as some sectors will restrict the implementation of labour and other laws. By creating SEZ certain group of people may have to be evicted from the land, which will create unrest, job loss etc., among them and also affect their traditional labour. So it is the responsibility of the State to rehabilitate these traditional sectors. So while declaring

SEZ, Centre may convene discussion with the State concerned and given consideration to provide job security and other scheme to these evicted people for their welfare.

15. In interstate relations there ought to be provisions to deal with undercutting of tax so that revenue rightly due to the States are not competed away. Perhaps there could be a body, which legally can force the erring States/Union Territories to correct such aberrations. The databases of the Customs Department and the Income Tax Department should be got linked with those of the States so that the States are able to get their rightful revenue on items imported into the country and sold in the States.

16. The Centre is promoting the General Sales Tax (GST) as the next big thing after Value Added Tax (VAT). The GST should not be used as a tool to subsume taxes like Stamp Duty and Registration Fees, Motor Vehicles Tax, State Excise on Liquor etc and reduce the autonomy of the States even further.

17. There is an increasing trend of promulgating legislations by the Central Government without providing sufficient budget allocations to the State for implementing the legislations. This aspect may be looked into by the Commission and there should be specific condition that if a social legislation is promulgated by the Central Government, the funds for the implementation of the acts should also be provided. Independent Planning and budgeting at the District Level is really against the good spirit of decentralization. The Panchayath Raj Institutions, though it is Local Self Government, have not been properly recognized by the Government of India in

implementing Central Schemes especially the schemes for welfare of women, children, old age and destitute.

**18.** At present major share of the expenses on education continues to be the responsibility of the States. There are no binding guidelines on the transfer of funds from the Centre to the State in respect of education. Schemes tailored to the needs of educationally backward states do not benefit the State of Kerala.

**19.** The State Government is not receiving the central assistance in time. Most of the assistances are received at the fag end of the financial year, which makes it impossible to utilize the funds within the financial year itself. Then revalidation of the unutilized funds becomes necessary. So, as and when Government of India gives approval to a Scheme, release of Funds may also be made soon after the approval.

Section Officer

പന്ത്രണ്ടാം കേരള നിയമസഭ-- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.452. 15.7.2008- ൽ മറുപടിക്ക്

## മത്സ്യകയറ്റുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ്ജ് | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) കേരളത്തിൽനിന്നും പ്രതി വർഷം എത്രകോടി രൂപയുടെ മത്സ്യസമ്പത്ത് കയറ്റി അയയ്ക്കുന്നുണ്ട് ; | (എ) 2002 03 മുതൽ 2006 07 വരെയുള്ള 5 വർഷ കാലയളവിൽ പ്രതിവർഷം ശരാശരി 1216 കോടി രൂപയുടെ മത്സ്യസമ്പത്താണ് കയറ്റി അയച്ചത്. |
| (ബി) കഴിഞ്ഞ 5 വർഷക്കാലത്തെ ഉല്പാദനവും, വിപണനവും സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) സി.എം.എഫ്.ആർ.ഐ. കണക്കനുസരിച്ച് കഴിഞ്ഞ 5 വർഷക്കാലത്തെ കേരളത്തിലെ മത്സ്യോല്പാദനവും എം.പി.ഇ.ഡി.എ. യുടെ കണക്കനുസരിച്ചുള്ള കയറ്റുമതിയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു. |

സി.എം.എഫ്.ആർ.ഐ കണക്കുകൾ

| വർഷം | ഉല്പാദനം (ടണ്ണിൽ) |
|---|---|
| 2002 | 589519 |
| 2003 | 623293 |
| 2004 | 616839 |
| 2005 | 536215 |
| 2006 | 591902 |

എം.പി.ഇ.ഡി.എ കണക്കുകൾ

| വർഷം | വിപണനം(ടണ്ണിൽ) |
|---|---|
| 2002-03 | 81393 |
| 2003-04 | 76831 |
| 2004-05 | 87378 |
| 2005-06 | 97311 |
| 2006-07 | 108617 |

| | |
|---|---|
| (സി) ഏതെല്ലാം ഇനത്തിൽപ്പെട്ട മത്സ്യങ്ങളാണ് കയറ്റി അയയ്ക്കുന്നത് ; | (സി) മരവിപ്പിച്ച ചെമ്മീൻ, മരവിപ്പിച്ച കൂന്തൽ, മരവിപ്പിച്ച കണവ, ഉണക്ക മത്സ്യം, ജീവനുള്ള മത്സ്യം, ചിൽഡ് ഐറ്റം, മരവിപ്പിച്ച മത്സ്യം, മറ്റിനം എന്നിവയാണ് കയറ്റുമതി ചെയ്യുന്നത്. |
| (ഡി) ഇതിൽ സർക്കാരിന്റെയും സ്വകാര്യമേഖലയുടേയും പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ? | (ഡി) മത്സ്യോല്പാദനം വർദ്ധിപ്പിക്കുക, മത്സ്യവിപണനം ത്വരിതപ്പെടുത്തുക, മത്സ്യത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽകണ്ട് വിവിധ നടപടികൾ സംസ്ഥാന സർക്കാരും എം.പി.ഇ.ഡി.എ. യും സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യമേഖലയിലുള്ള മത്സ്യസംസ്കരണ ശാലകൾ, പീലിംഗ് ഷെഡുകൾ എന്നിവ യൂറോപ്യൻ യൂണിയൻ നിഷ്കർഷിക്കുന്ന നിബന്ധനകൾക്കനുസൃതമായി വിപുലീകരിക്കുന്നതിനും കയറ്റുമതി പ്രാധാന്യമുള്ള മത്സ്യചെമ്മീൻ ഇനങ്ങളുടെ ഉല്പാദന വർദ്ധനവിനും, മത്സ്യബന്ധനം, അലങ്കാര മത്സ്യകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും, സമുദ്രോല്പന്നങ്ങളുടെ ഗുണമേന്മാവർദ്ധനവിനും, കയറ്റുമതി ലക്ഷ്യമാക്കിയുള്ള മാർക്കറ്റിംഗിനും പ്രോത്സാഹനം നല്കുന്നതിന് വിവിധ സബ്സിഡി സ്കീമുകൾ എം.പി.ഇ.ഡി.എ. നടപ്പിലാക്കി വരുന്നു. മത്സ്യ/ചെമ്മീൻ കർഷകർക്ക് മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി എഫ്.എഫ്.ഡി.എ/ബി.എഫ്.എഫ്.ഡി.എ/അഡാക്ക് എന്നീ ഏജൻസികൾ |

| | |
|---|---|
| | വഴി സബ്സിഡി സ്കീമുകൾ നടപ്പിലാക്കുന്നു. അലങ്കാരമത്സ്യങ്ങളുടെ ഉല്പാദനവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനസർക്കാരിന് പങ്കാളിത്തമുള്ള ഒരു പബ്ലിക്-പ്രൈവറ്റ് കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 453

15/07/2008 - ൽ മറുപടിക്ക്

**അരി വിഹിതം പുന:സ്ഥാപിക്കുന്നതു സംബന്ധിച്ച ഉറപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. സി.കെ.പി. പത്മനാഭൻ :<br>ശ്രീ. വി.ജെ. തങ്കപ്പൻ :<br>ശ്രീ. ജോർജ്ജ് എം. തോമസ് :<br>ശ്രീ. എസ്. രാജേന്ദ്രൻ : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) കേരളത്തിനുള്ള അരി വിഹിതം വെട്ടിക്കുറച്ച കേന്ദ്ര സർക്കാരിന്റെ നടപടി പിൻവലിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) വെട്ടിക്കുറച്ച അരി വിഹിതം പുന:സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയും ഭക്ഷ്യമന്ത്രിയും നേരിട്ട് കേന്ദ്രഭക്ഷ്യമന്ത്രിക്ക് നിവേദനം നൽകുകയും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയേയും കേന്ദ്ര ഭക്ഷ്യവകുപ്പു മന്ത്രിയേയും നേരിൽ കണ്ട് നിവേദനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) ഈ ആവശ്യം മുൻനിർത്തി മുഖ്യമന്ത്രിയും സർവ്വകക്ഷി സംഘവും കേരളത്തിൽ നിന്നുള്ള എം.പി.മാരും പ്രധാന മന്ത്രിയെയും കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെയും കണ്ട് നിവേദനം നൽകിയിട്ടുണ്ടോ ; | (ബി) നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇക്കാര്യത്തിൽ പ്രധാനമന്ത്രി എന്തെങ്കിലും ഉറപ്പ് നൽകുകയുണ്ടായോ ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ റേഷൻ വിഹിതം വർദ്ധിപ്പിച്ചു നൽകിയോ ; | (സി) | (സി) യും (ഡി) യും<br><br>വെട്ടിക്കുറച്ച ഭക്ഷ്യധാന്യങ്ങൾ പുന:സ്ഥാപിക്കുക എന്ന കാര്യത്തിൽ പ്രധാനമന്ത്രിയും കേന്ദ്ര ഭക്ഷ്യമന്ത്രിയും ഉറപ്പൊന്നും നൽകിയിട്ടില്ല. റേഷൻ വിഹിതം പുന:സ്ഥാപിക്കുന്നതിൽ സംസ്ഥാനത്തിന്റെ നിരന്തരമായ ഇടപെടൽ പരിഗണിച്ചു താൽക്കാലികമായി 2008 മേയ്, ജൂൺ മാസങ്ങളിൽ 10,000 മെ.ടൺ വീതവും അരി അനുവദിച്ചു. കൂടാതെ 2007 ആഗസ്റ്റിൽ 21,000 മെ.ടണ്ണും 2007 ഡിസംബറിൽ 10,000 മെ.ടണ്ണും 2008 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 10,000 മെ.ടൺ വീതവും അരി അനുവദിച്ചു . |
| ഡി) | കേന്ദ്ര ഭക്ഷ്യമന്ത്രി ഇതു സംബന്ധിച്ച് ഉറപ്പു നൽകിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | | |
| ഇ) | ഇപ്പോൾ റേഷൻ വിഹിതത്തിൽ എന്തുമാത്രം വെട്ടിക്കുറവാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഇ) | വെട്ടിക്കുറച്ച റേഷൻ സാധനങ്ങളുടെ വിഹിതം ചുവടെ ചേർക്കുന്നു. |

| ഇനം | അലോട്ട്മെന്റ് | | കുറവ് (മെ. ടൺ) | ശതമാനം |
|---|---|---|---|---|
| | 05/2006 (മെ.ടൺ) | നിലവിലുള്ളത് (മെ.ടൺ) | | |
| എ.പി.എൽ അരി | 113420 | 17056 (04/08) | 96364 | 85% |
| എ.പി.എൽ ഗോതമ്പ് | 37325 | 11777 (06/06) | 25548 | 68% |
| ബി.പി.എൽ അരി | 26593 | 26566 (10/06) | 27 | 0.10% |
| ബി.പി.എൽ ഗോതമ്പ് | 8865 | 6963 (07/06) | 1902 | 21% |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 464 — 15.7.2008 ൽ മറുപടിയ്ക്ക്

# ആസൂത്രണബോർഡ് നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഏറ്റവും ഒടുവിൽ ചേർന്ന സംസ്ഥാന ആസൂത്രണ ബോർഡിന്റെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | (എ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.12.2007 ൽ ചേർന്ന സംസ്ഥാന ആസൂത്രണ ബോർഡിന്റെ യോഗം (2008-09) വാർഷിക പദ്ധതിക്ക് 7605 കോടി രൂപയുടെ അടങ്കൽ ശുപാർശ ചെയ്യുകയും അത് മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കാനും തുടർന്ന് ആസൂത്രണ കമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിക്കാനും തീരുമാനിച്ചു. |
| (ബി) അധിക വിഭവ സമാഹരണത്തിനും പുതിയ വിഭവ സമാഹരണം നടത്താനും എന്തെങ്കിലും നിർദ്ദേശങ്ങൾ ആസൂത്രണ ബോർഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) അധിക വിഭവ സമാഹരണത്തെ സംബന്ധിച്ച് സമഗ്രമായ ഒരു പഠനം ആസൂത്രണ ബോർഡ് നടത്തിയിട്ടില്ല. എന്നിരുന്നാലും പതിനൊന്നാം പദ്ധതിയുടെയും ആദ്യത്തെ രണ്ട് വർഷത്തെ വാർഷിക പദ്ധതികളുടെ രൂപീകരണ വേളയിലും ആസൂത്രണ ബോർഡും ധനകാര്യവകുപ്പും വിഭവസമാഹരണത്തെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിഭവ സാദ്ധ്യത (resource potential) യുള്ള വിവിധ സ്രോതസ്സുകൾ കണ്ടെത്തി അവയെ സംബന്ധിച്ച കുറിപ്പുകൾ ധനകാര്യ വകുപ്പിന് കൈമാറിയിട്ടുള്ളതിൽ മുഖ്യമായും അടിസ്ഥാന ഭൂനികുതി, ആഡംബര വസ്തുക്കളായ സ്വർണ്ണം, വജ്രം, വാഹനനികുതി, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള നികുതി, കടകൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കുമുള്ള ഫീസ് എന്നിവ ഉൾപ്പെടുന്നു. |
| (സി) ചെലവ് ചുരുക്കുന്നതിന് ആസൂത്രണ ബോർഡ് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) ചെലവ് ചുരുക്കുന്നതിനായി പ്രത്യേക നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.455. 15.7.2008- ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ

ചോദ്യം

ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി :

ശ്രീ.കെ.കുഞ്ഞിരാമൻ :

ശ്രീ. കെ.വി.കുഞ്ഞിരാമൻ :

ശ്രീ.സി.എച്ച്.കുഞ്ഞമ്പു :

ശ്രീ.കെ.വി.അബ്ദുൾ ഖാദർ :

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; | (എ) മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹ്യവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. ദേശീയ സഹകരണവികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി.<br>2. നാടൻ വള്ളങ്ങളുടെ നവീകരണത്തിനു 10000 രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതി.<br>3. മത്സ്യബന്ധന വലകൾക്ക് 6000 രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതി.<br>4. ദേശീയ പിന്നാക്ക വിഭാഗവികസനകോർപ്പറേഷന്റെയും ദേശീയ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന്റെയും ധനസഹായത്തോടുകൂടി സ്വയംതൊഴിലിനുള്ള വായ്പാ പദ്ധതികൾ.<br>5. കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടുകൂടിയുള്ള സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ പദ്ധതി.<br>6. മത്സ്യബന്ധന ഉപകരണ മത്സ്യ സുരക്ഷാ പദ്ധതി.<br>7. തീരദേശമേഖല ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക സഹകരണസംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്ന പദ്ധതി.<br>8. മത്സ്യവിപണന പലിശരഹിത വായ്പ.<br>9. അപകട ഇൻഷ്വറൻസ് പദ്ധതി.<br>10. സുനാമി അടിയന്തിരസഹായ പദ്ധതി/ |

| | |
|---|---|
| | സുനാമി പുനരധിവാസ പദ്ധതികൾ<br>11. മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണത്തിനുവേണ്ടി ചെറു സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടിയുള്ള പദ്ധതികൾ.<br>12. മത്സ്യത്തൊഴിലാളി കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി ബോർഡിംഗ് സൗകര്യമുള്ള 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ.<br>13. സമ്പാദ്യ സമാശ്വാസ പദ്ധതി.<br>14. സർക്കാർ/സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം.<br>15. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി<br>16. ദേശീയമത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ ഭവനനിർമ്മാണ പദ്ധതി. |
| (ബി) മത്സ്യത്തൊഴിലാളികളിൽ എത്ര ശതമാനം പേർ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) 2004 ൽ ഫിഷറീസ് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പ്രസിദ്ധീകരിച്ചതനുസരിച്ച് 64.1% മത്സ്യത്തൊഴിലാളികൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. |
| (സി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി നൽകുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമാണ് ; | (സി)<br>1. സർക്കാർ/സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് സ്റ്റൈപെന്റ്.<br>2. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയം നേടുന്നവർക്ക് ക്യാഷ് അവാർഡും തുടർ വിദ്യാഭ്യാസത്തിന് ധനസഹായവും മത്സ്യബോർഡ് നൽകുന്നു.<br>3. കൊച്ചിൻ സർവ്വകലാശാലയിലെ എം.എസ്.സി. ഇൻഡസ്ട്രിയൽ ഫിഷറീസിനു 3 സീറ്റ് മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കായി നീക്കി വെച്ചിട്ടുണ്ട്.<br>4. ദേശീയ പിന്നാക്ക വിഭാഗവികസനകോർപ്പറേഷന്റെയും ദേശീയ ന്യൂനപക്ഷ ധനകാര്യകോർപ്പറേഷന്റെയും ധനസഹായത്തോടുകൂടി വിദ്യാഭ്യാസ വായ്പാ പദ്ധതികൾ.<br>5. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഫിഷറീസ് കോളേജിൽ 6 സീറ്റ് മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കായി നീക്കി വച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) മത്സ്യത്തൊഴിലാളി മേഖലയിൽ സാക്ഷരതാ പ്രവർത്തനങ്ങൾക്കായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ ? | (ഡി) മത്സ്യത്തൊഴിലാളി മേഖലയിൽ സാക്ഷരതാ പ്രവർത്തനങ്ങൾക്കായി ഫിഷറീസ് വകുപ്പിൽ നിലവിൽ പദ്ധതികളില്ല. സർക്കാരിന്റെ സാക്ഷരതാ പദ്ധതികൾ മത്സ്യത്തൊഴിലാളി മേഖലയിലും നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 456

15-07-2008-ൽ മറുപടിയ്ക്ക്

ഉല്പന്നത്തിന്റെ തൂക്കവും വിലയും ലഭ്യമാക്കാൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. എൻ.അനിരുദ്ധൻ<br>ശ്രീ. എ.കെ.ചന്ദ്രൻ<br>ശ്രീ. പി.തിലോത്തമൻ<br>ശ്രീമതി. ഇ.എസ്. ബിജി മോൾ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| (എ) കൃത്യതയുള്ള ഇലക്ട്രോണിക് ത്രാസ് കടകളുടെ പ്രധാന ഭാഗത്ത് സ്ഥാപിക്കണമെന്നും ഉല്പന്നത്തിന്റെ തൂക്കവും വിലയും രേഖപ്പെടുത്തുന്ന പ്രിന്റൗട്ട് ലഭ്യമാക്കുന്ന സംവിധാനം ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ പരിഷ്കാരം നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയ പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ ? | (ബി) സമയപരിധി 30-04-2008 -ൽ അവസാനിച്ചു. |
| (സി) പായ്ക്കറ്റുകളിൽ വിറ്റഴിക്കുന്ന സാധനങ്ങളിൽ പലതിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വിശദമാക്കുമോ ; | (സി) ഉണ്ട്. ആവശ്യമായ പ്രഖ്യാപനങ്ങളില്ലാത്ത പായ്ക്കറ്റുകൾ വില്പന നടത്തുന്നുണ്ടോയെന്നതും, പ്രഖ്യാപിത വിലയിൽ (MRP യിൽ) കൂടുതൽ ഈടാക്കുന്നുണ്ടോയെന്നും ലീഗൽ മെട്രോളജി വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർ നിരന്തരമായി |

പരിശോധിച്ചു കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്രകാരം നടത്തിയ പരിശോധനകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം പി. സി റൂൾസ് ലംഘനത്തിന് 4,023 കേസ് കണ്ടെത്തുകയും 1,69,12,450/- (ഒരു കോടി അറുപത്തിയൊമ്പതു ലക്ഷത്തി പന്ത്രണ്ടായിരത്തി നാനൂറ്റിഅമ്പതു രൂപ) രൂപ രാജി ഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തു നിലനില്ക്കുന്ന പാക്കേജ്ഡ് കമ്മോഡിറ്റീസ് ചട്ടം പരിഷ്കരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഇറക്കുമതി ചെയ്യുന്ന പായ്ക്കറ്റുകൾക്ക് ഈ ചട്ടം ബാധകമാക്കിയിട്ടുണ്ടോ;

(ഡി) പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് ഒരു കേന്ദ്ര നിയമമായതിനാൽ സംസ്ഥാനത്തിന് മാത്രമായി ഈ ചട്ടത്തിൽ ഭേദഗതി വരുത്തുവാൻ സാധിക്കുകയില്ല. ചില ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ഇറക്കുമതി ഉല്പന്നങ്ങൾക്കും പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് ബാധകമാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.457      15.07.2008 - ൽ മറുപടിയ്ക്ക്**

### മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ജയരാജൻ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.എം.ജെ.ജേക്കബ്<br>ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| **(എ)** മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | **(എ)** സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇൻഫർമേഷൻ സെക്രട്ടറി, പൊതുഭരണ അഡീഷണൽ ചീഫ് സെക്രട്ടറി വഴി സെല്ലിന്റെ പ്രവർത്തനം മാസം തോറും അവലോകനം ചെയ്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്നുണ്ട്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ വഴി സുതാര്യ കേരളം പരിപാടി 1.11.2007 മുതൽ ആരംഭിച്ചതിന്റെ ഫലമായി പരാതികളുടെ ക്രമാതീതമായ വർദ്ധനവ് കണക്കിലെടുത്ത് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി നിലവിലുണ്ടായിരുന്ന 12 ജീവനക്കാരെ കൂടാതെ 6 ജീവനക്കാരെ കൂടി നിയമിച്ചിട്ടുണ്ട്. ഒരു സെക്ഷൻ ഓഫീസറെ കൂടി സെല്ലിൽ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ജോയിന്റ് സെക്രട്ടറിയുടെ തസ്തിക അഡീഷണൽ സെക്രട്ടറിയുടേതാക്കി ഉയർത്തി. |
| **(ബി)** സെല്ലിൽ ലഭിക്കുന്ന പരാതികളിൽ അടിയന്തിര പരിഹാരമുണ്ടാക്കുന്നതിനായി കൈക്കൊള്ളുന്ന നടപടിക്രമം വിശദമാക്കുമോ; | **(ബി)** സെല്ലിൽ ലഭിക്കുന്ന പരാതികളുടെ പരിഹാരം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സെല്ലിൽ നിന്നും ലഭിക്കുന്ന പരാതികൾ അതു കൈപ്പറ്റി 14 ദിവസത്തിനകം പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് / വകുപ്പിന് നിർദ്ദേശം നൽകുന്നു. പരിഹരിക്കാൻ |

(തുടർച്ച)

കൂടുതൽ സമയം ആവശ്യമായി വരുന്ന പരാതികളിൽ പ്രസ്തുത വിവരം അറിയിച്ചുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇടക്കാല മറുപടി 14 ദിവസത്തിനകം സമർപ്പിക്കണമെന്നും വ്യവസ്ഥയുണ്ട്. റിപ്പോർട്ട് യഥാസമയം ലഭ്യമാക്കുന്നതിനായി ഓർമ്മക്കുറിപ്പ്, അർദ്ധഔദ്യോഗിക കത്ത് മുതലായവ അയയ്ക്കുകയും ടെലഫോൺ മുഖേന ബന്ധപ്പെടുകയും ചെയ്യുന്നു. തത്ഫലമായി പരാതി പരിഹാരം സംബന്ധിച്ച റിപ്പോർട്ട് യഥാസമയം ലഭിക്കുന്നുണ്ട്. റിപ്പോർട്ട് പരിശോധിച്ച ശേഷം തുടർ നടപടിക്ക് മുഖ്യമന്ത്രിയുടെ അംഗീകാരം ആവശ്യമുള്ളവയിൽ അതുവാങ്ങി, നടപടി സ്വീകരിച്ച് പരാതിക്കാരന് മറുപടി നൽകുകയും ചെയ്യുന്നു.

**(സി)** ഈ സർക്കാർ അധികാരമേറ്റ ശേഷം സെല്ലിൽ എത്ര പരാതികൾ ലഭിച്ചു; അതിൽ എത്രയെണ്ണത്തിന് പരിഹാരമുണ്ടായിട്ടുണ്ട് ;

**(സി)** ഈ സർക്കാർ അധികാരമേറ്റ ശേഷം 18.5.2006 മുതൽ 30.6.2008 വരെ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ 21.177 പരാതികൾ ലഭിക്കുകയും അതിൽ 18,519 പരാതികൾ പൂർണ്ണമായോ ഭാഗികമായോ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

**(ഡി)** പൊതുജനങ്ങളുടെ ഹർജ്ജിയിൻമേൽ പരാതി പരിഹാര സെല്ലിൽ നിന്നും ആവശ്യപ്പെടുന്ന റിപ്പോർട്ട് യഥാസമയം ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

**(ഡി)** മനഃപൂർവ്വം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

അണ്ടർ സെക്രട്ടറി.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 458

15. 7. 2008-ൽ മറുപടിയ്ക്ക്

## കടലിന്റെ ഉടമസ്ഥാവകാശം

ചോദ്യം

ശ്രീ. വർക്കല കഹാർ
ശ്രീ കെ.സി. വേണുഗോപാൽ
ശ്രീ ജോർജ് മേഴ്സിയർ
ശ്രീ.എം എ. വാഹിദ്

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് കടലിന്റെ ഉടമസ്ഥാവകാശം മത്സ്യമേഖലയിലുള്ളവർക്ക് നൽകണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

എ) സംസ്ഥാന സർക്കാരിന്റെ ഭരണാധികാര പരിധിയിലുള്ള ടെറിട്ടോറിയൽ കടലിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള അവകാശം യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി അനുവദിച്ചുകൊണ്ടുള്ള ഒരു നിയമ നിർമ്മാണത്തെക്കുറിച്ച് സർക്കാർ പരിശോധിച്ചു വരുന്നു.

ബി) ഇതു സംബന്ധിച്ച് എന്ത് നിയമനിർമ്മാണം നടത്താനാണ് ഉദ്ദേശിക്കുന്നത്;

ബി) തീരക്കടൽ മത്സ്യബന്ധനത്തിനുപയോഗിക്കുന്ന ഉരുക്കളുടേയും ഉപകരണങ്ങളുടേയും ഉടമസ്ഥാവകാശം, മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മത്സ്യത്തിന്റെ ആദ്യവില്പനക്കുള്ള അവകാശം എന്നിവ യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്കു മാത്രമായി നിജപ്പെടുത്തുന്നതിനാവശ്യമായ നിയമനടപടികൾ ഉൾപ്പെടെ കേരളത്തിന്റെ മത്സ്യമേഖലയിൽ സമഗ്രമായ പരിഷ്കരണത്തിനുള്ള ഒരു അക്വേറിയൻ റിഫോംസ് നിയമം ആവിഷ്കരിക്കുവാനാവശ്യമായ പ്രാഥമിക നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

സി) കടൽമേഖലയിൽ കുത്തകക്കാർ കടന്നു കയറുന്നതായുള്ള പരാതി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് പറയുമോ?

സി) സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള തീരക്കടൽ (ടെറിട്ടോറിയൽ സീ) മേഖലയിൽ കുത്തകകൾ കടന്നു കയറുന്നതായുള്ള പരാതികൾ ലഭിച്ചിട്ടില്ല.

ടെറിട്ടോറിയൽ പരിധിക്കു പുറത്തുള്ള കടൽ മേഖലയിൽ കുത്തകകൾ കടന്നു കയറുന്നതായുള്ള പരാതികൾ പരിഹരിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതാണ്.

തീരപ്രദേശങ്ങൾ കുത്തകകൾ വിലയ്ക്ക് വാങ്ങിയും മറ്റും സ്വന്തമാക്കുന്ന പ്രവണത കേരളത്തിലും നിലനിൽക്കുന്നുണ്ട്. കരട് തീരദേശ മാനേജ്മെന്റ് വിജ്ഞാപനത്തിൽ (സി.എം.ഇസഡ്) ഇത് നിയന്ത്രിക്കുന്നതിനാവശ്യമായ വകുപ്പുകൾ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് കേരള സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 459 — 15.7.2008 - ൽ മറുപടിയ്ക്ക്

## പി.എസ്.സി. ഉത്തരപേപ്പറുകൾ പരിശോധിക്കുന്നതിനുള്ള അവസരം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.എ.എ.അസീസ് | | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ നടത്തുന്ന പരീക്ഷകളുടെ ഉത്തരപേപ്പറുകൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന്ശേഷം ഉദ്യോഗാർത്ഥികൾക്ക് ആവശ്യമെന്ന് കണ്ടാൽ പരിശോധന നടത്തുന്നതിനുള്ള അവസരം നിലവിലുണ്ടോ ; എങ്കിൽഅതിനുള്ള നടപടിക്രമം എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ; | (എ) | ഉത്തര പേപ്പറുകൾ ഉദ്യോഗാർത്ഥികൾക്ക് പരിശോധന നടത്തുന്നതിനുള്ള അവസരം നിലവിലില്ല |
| (ബി) ഇല്ലെങ്കിൽ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം ഉത്തരപേപ്പറുകൾ ഉദ്യോഗാർത്ഥികൾക്ക് പരിശോധിക്കുന്നതിനുള്ള സംവിധാനത്തെ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ ? | (ബി) | ഒ.എം.ആർ. സംവിധാനത്തിലൂടെ മൂല്യനിർണയം നടത്തുന്ന ഉത്തരക്കടലാസുകളുടെ ഇലക്ട്രോണിക് വേർഷൻ പരീക്ഷണാടിസ്ഥാനത്തിൽ കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നൽകാൻ ആരംഭിച്ചിട്ടുണ്ട്. നിശ്ചിത ഫീസ് ഈടാക്കി ഉദ്യോഗാർത്ഥികൾക്ക് ഉത്തരക്കടലാസിന്റെ പകർപ്പ്നൽകുന്നതിനുള്ള സംവിധാനം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

—

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 460 15.07.2008 -ന് മറുപടിക്ക്**

## പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും അറിയാനുള്ള സംവിധാനം

**ചോദ്യം**

ശ്രീ.ബാബുപോൾ
ശ്രീ.കെ.രാജു
ശ്രീ. എൻ.രാജൻ
ശ്രീ.പള്ളിപ്രം ബാലൻ
ശ്രീമതി. ഇ.എസ്.ബിജിമോൾ

**ഉത്തരം**

ശ്രീ.വി.എസ്.അച്യുതാനന്ദൻ
(ബഹു. മുഖ്യമന്ത്രി)

.......

(എ) പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും മുൻകൂട്ടി അറിയാനുള്ള എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കാലാവസ്ഥാ വ്യതിയാന വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് ഇന്നുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(എ)യും (ബി)യും പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും മുൻകൂട്ടി അറിയാനുള്ള സംവിധാനം ദുരന്ത നിവാരണ വകുപ്പിന് തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന ഇൻഡ്യൻ മെറ്റീരിയോളജിക്കൽ വകുപ്പിൽ നിന്നാണ് ലഭിക്കുന്നത്. കേരളത്തിലെയും ചുറ്റുമുള്ള പ്രദേശങ്ങളിലേയും ഭൂതല/ഉപരിതല വായുവിനെ സംബന്ധിക്കുന്ന വിവരങ്ങൾ അറിയിക്കുവാനുള്ള സ്ഥിരം സംവിധാനം ഈ വകുപ്പിനുണ്ട്. ഇൻസാറ്റ് ഉപഗ്രഹങ്ങളിൽ നിന്നുള്ള ചിത്രങ്ങളുടേയും മറ്റു വിവരങ്ങളുടേയും അടിസ്ഥാന

ത്തിൽ സംസ്ഥാനത്തിന്റെ കാലാവസ്ഥാ വ്യതിയാന വിവരങ്ങളെ സംബന്ധിച്ച് 48 മണിക്കൂർ വരെയുള്ള പ്രവചനം നടത്താനും കൂടാതെ ഈ വിവരങ്ങൾ ജനങ്ങളിൽ എത്തിക്കാനും വേണ്ടിയുള്ള സംവിധാനങ്ങളുണ്ട്.

ശക്തമായ മഴ, മത്സ്യബന്ധനക്കാർക്കുള്ള മുന്നറിയിപ്പ് കൃഷിക്കാർക്കുള്ള കാലാവസ്ഥാ മുന്നറിയപ്പ്, ചുഴലിക്കൊടുങ്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് മുതലായവ യഥാസമയം റേഡിയോ വഴിയും ദൂരദർശൻ വഴിയും അറിയിക്കുന്നു. കൂടാതെ ഈ മുന്നറിയിപ്പുകൾ യഥാസമയം മെറ്റിരിയോളജിക്കൽ വകുപ്പിൽ നിന്ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കും ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ സ്ഥിതി ചെയ്യുന്ന കൺട്രോൾ റൂമിലേയ്ക്കും ലഭിക്കുന്നു. അവിടെ നിന്നും ബന്ധപ്പെട്ട ജില്ലാകളക്ടർമാർ, പി.ഡബ്ല്യൂ.ഡി, ഇറിഗേഷൻ, ജലവൈദ്യുതി, തുറമുഖം, ടെലിഗ്രാഫ്, റെയിൽവേ, പോലീസ്, ഫയർ ആന്റ് റസ്ക്യൂ സർവീസസ്, കോസ്റ്റ് ഗാർഡ് എന്നീ വകുപ്പുകളിലേയ്ക്ക് ഫാക്സ് മുഖാന്തിരം സന്ദേശങ്ങൾ അറിയിക്കുന്നു.

കൂടാതെ ചുഴലിക്കൊടുങ്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് വിവരങ്ങൾ 48 മണിക്കൂർ മുൻപ് വരെ പ്രവചനം നടത്താൻ സാധിക്കുന്നുണ്ട്.

(സി) ജില്ലാതലത്തിലും ഗ്രാമങ്ങളിലും പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും മുൻകൂട്ടി അറിയിക്കാനുള്ള എന്തെല്ലാം പദ്ധതികൾക്കു രൂപം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

(സി) ഇടിമിന്നൽ, ഭൂചലനം, ഉരുൾപൊട്ടൽ, കടലാക്രമണം എന്നിവ സംബന്ധിച്ച് തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന ഭൗമശാസ്ത്ര പഠന കേന്ദ്രങ്ങൾ പഠനങ്ങൾ നടത്തിയിട്ടുണ്ട്. മുൻകാല ഇടിമിന്നൽ സംഭവങ്ങളെ അടിസ്ഥാനമാക്കി കേരളത്തിലെ ഇടിമിന്നൽ സാധ്യത സൂചിപ്പിക്കുന്ന ഒരു ഭൂപടം തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, കടലാക്രമണം മുൻഭൂകമ്പമേഖലകൾ എന്നിവ അടയാളപ്പെടുന്ന ഭൂപടങ്ങൾ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഇത് ജില്ലാ കളക്ടർമാർ മുഖേന ജില്ലാ തലങ്ങളിലും ഗ്രാമങ്ങളിലും എത്തിക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കൂടാതെ പ്രകൃതിക്ഷോഭങ്ങളെ കുറിച്ച് അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ വച്ച് ബോധവൽക്കരണ ക്യാമ്പുകൾ നടത്തുന്നുണ്ട്. കൂടാതെ ഇതുമായി

ബന്ധപ്പെട്ട് മുൻകരുതലുകൾ വിവരിക്കുന്ന ലഘുലേഖകൾ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിൽ നിന്ന് മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കി എല്ലാ വില്ലേജുകളിലേയ്ക്കും അയച്ചുകൊടുത്തിട്ടുണ്ട്.

യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമുമായി **(UNDP)** സഹകരിച്ച് റവന്യൂ ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് ഒൻപത് തീരദേശ ജില്ലകളിൽ **'Early Warning System'** നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഹൈദരാബാദിൽ സ്ഥിതി ചെയ്യുന്ന **'Indian National Centre For Ocean Information Services'** എന്ന കേന്ദ്ര സർക്കാർ സ്ഥാപനം നിർമ്മിക്കുന്ന ഉപകരണങ്ങളാണ് 40 കേന്ദ്രങ്ങളിലായി സ്ഥാപിക്കുന്നത്. സുനാമി, കടൽക്ഷോഭം, ചുഴലിക്കാറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾക്ക് പുറമെ മത്സ്യബന്ധനത്തിന് സഹായകരമായ വിവരങ്ങൾ കൂടി പൊതുജനങ്ങളിൽ എത്തിക്കാൻ ഈ പദ്ധതിക്ക് കഴിയും. ഇതിനു പുറമെ ദുരന്തങ്ങൾ നേരിടുന്നതിന്

പൊതുജനങ്ങളെ പ്രാപ്തരാക്കുന്നതിനായി 'Community based disaster preparedness' പദ്ധതി UNDP ഒൻപത് തീരദേശ ജില്ലകളിൽ നടപ്പിലാക്കുന്നു. സന്നദ്ധ സംഘടനകളുമായി സഹകരിച്ച് ജനകീയ പങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിലും ദുരന്ത നിവാരണ ടീമുകളും അവയുടെ കീഴിൽ വിവിധ 'ടാസ്ക് ഫോഴ്സുകളും' പ്രസ്തുത പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 461 15-07-2008-ൽ മറുപടിയ്ക്ക്

**കള്ളപ്പണത്തെയും ഭീകരവാദത്തെയും തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.ബാബു എം. പാലിശ്ശേരി<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.കെ.ഷാജു | ശ്രീ.എസ്.ശർമ്മ<br>(മത്സ്യ ബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കള്ളപ്പണത്തെയും ഭീകരവാദത്തെയും തടയുന്നതിനായി രജിസ്ട്രേഷൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ | (എ) 4.4.2007 ലെ 830- ാം നമ്പർ അസാധാരണ ഗസറ്റ് മുഖേന പ്രസിദ്ധീകരിച്ച 4.5.2007 ലെ ആർ.ആർ.4-5448/2003 നമ്പർ ഉത്തരവനുസരിച്ച് നിലവിൽവന്ന രജിസ്ട്രേഷൻ ചട്ട ഭേദഗതി അനുസരിച്ച് രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന ആളിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതു കൈ പെരുവിരലടയാളവും ആധാരത്തിൽ പതിപ്പിക്കണം.<br>വില യാധാരങ്ങളിൽ വസ്തു വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന രണ്ടു ആളിന്റെയും പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതു കൈവിരൽ പതിപ്പും പതിപ്പിക്കണം. കൂടാതെ രജിസ്ട്രിംഗ് ഓഫീസർ മുമ്പാകെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാകുന്ന എല്ലാ ആളുകളും സ്വയം തെളിയിക്കുന്നതിലേക്കായി ഇലക്ഷൻ തിരിച്ചറിയൽ കാർഡോ, പാസ്പോർട്ടോ, ഡ്രൈവിംഗ് ലൈസൻസോ, പെർമനന്റ് അക്കൗണ്ട് നമ്പർ കാർഡോ, റേഷൻ കാർഡോ സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും അധികാരി നൽകുന്ന തിരിച്ചറിയൽ കാർഡോ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ് |
| (ബി) ആധാരങ്ങളിൽ വിൽക്കുന്ന ആളിന്റെയും വാങ്ങുന്ന ആളിന്റെയും ഫോട്ടോയും വിരലടയാളവും നിർബന്ധമാക്കിയിട്ടുണ്ടോ ; | (ബി) വില യാധാരങ്ങളിൽ വസ്തു വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന രണ്ടു ആളിന്റെയും പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതു കൈവിരൽ പതിപ്പും പതിപ്പിക്കേണ്ടതാണ്. |
| (സി) ഭൂപരിഷ്കരണ നിയമത്തിലെ പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചിട്ടുള്ളവരുടെ ഭൂമി കണ്ടെത്തി പിടിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഈ വിഷയം രജിസ്ട്രേഷൻ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നതല്ല എന്നാൽ സംസ്ഥാന സർക്കാർ കാര്യക്ഷമമായി ചില നടപടികൾ ഇക്കാര്യങ്ങളിൽ സ്വീകരിച്ചുവരുന്നു. ഭൂപരിഷ്കരണ നിയമത്തിലെ പരിധിയിൽ കൂടുതൽ ഭൂമി കൈവശം വച്ചിട്ടുള്ളവരുടെ ഭൂമി കണ്ടെത്തി സർക്കാർ ഏറ്റെടുക്കുന്ന കാര്യങ്ങളിൽ നിയമപരമായി സാധ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: * 462 — 15.07.2008-ൽ മറുപടിയ്ക്ക്

### " പരിസ്ഥിതി നയം "

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ. വി. എസ്. അച്യുതാനന്ദൻ | |
| ശ്രീ. രാജു എബ്രഹാം | | (മുഖ്യമന്ത്രി) | |
| ശ്രീ. പി. കൃഷ്ണപ്രസാദ് | | | |
| (എ) | സർക്കാരിന്റെ പരിസ്ഥിതി നയത്തിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | (എ) | പരിസ്ഥിതി നയത്തിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | കരട് നയത്തിൽ ഏതെല്ലാം കാര്യങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്; | (ബി) | കേരളത്തിലെ ജനങ്ങൾക്ക് ശുദ്ധ വായു, ശുദ്ധ ജലം, ശുദ്ധ ആഹാരം എന്നിവ ഉറപ്പു വരുത്തുക, അതോടൊപ്പം സുസ്ഥിരവും ആരോഗ്യകരവുമായ ജീവിത സാഹചര്യം ഒരുക്കുക എന്നിവയ്ക്കാണ് കരട്നയത്തിൽ മുൻഗണന നൽകിയിട്ടുള്ളത്. |
| (സി) | പരിസ്ഥിതി നയത്തിന് അന്തിമ രൂപം നൽകാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (സി) | നയത്തിന് അന്തിമ രൂപം നൽകാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (ഡി) | ഏതെല്ലാം വിഭാഗങ്ങളുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്; | (ഡി) | കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുഖേന സമൂഹത്തിന്റെ വിവിധതുറകളിലുള്ളവരുമായി |

മേഖലാടിസ്ഥാനത്തിൽ നയത്തെപ്പറ്റി ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഇ) പരിസ്ഥിതി സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ഇ) കേരളത്തിന്റെ ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള നടപടികൾ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുഖേനയും മലിനീകരണ നിയന്ത്രണത്തിനുള്ള നടപടികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേനയും സ്വീകരിച്ചുവരുന്നു. 50 മൈക്രോണിൽ കുറഞ്ഞ കനമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചുകൊണ്ട് മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുമായി ഒരു പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി രൂപീകരിക്കുകയുണ്ടായി.തണ്ണീർത്തട സംരക്ഷണം,പരിസ്ഥിതി ബോധവത്കരണം,പരിസ്ഥിതി ഗവേഷണം തുടങ്ങിയവയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ വിവിധ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് യുക്തമായ പരിഹാര നടപടികൾ സ്വീകരിച്ചു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 463 15/7/2008-ൽ മറുപടിക്ക്

## സങ്കര വർഗ്ഗ പശുക്കളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.അജിത്<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.എൻ.രാജൻ<br>ശ്രീ.പള്ളിപ്രം ബാലൻ<br>ശ്രീ.കെ.രാജു | ശ്രീ.സി.ദിവാകരൻ(ബഹു:ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് സങ്കര വർഗ്ഗ പശുക്കളുടെ ഉല്പ്പാദനക്ഷമത എത്ര ലിറ്ററാണ്;ഉല്പ്പാദന ക്ഷമത ഉയർത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ എത്രയായി ഉയർത്തുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്; | എ) സംസ്ഥാനത്തെ പശുക്കളുടെ ഉല്പാദന ക്ഷമത പ്രതിദിനം 8 ലിറ്റർ മുതൽ 12 ലിറ്റർ വരെ.ഉല്പാദന ക്ഷമത ഉയർത്തുവാൻ താഴെപ്പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കന്നുകാലികളുടെ പ്രജനനനയം പുതുക്കി പ്രഖ്യാപിച്ചു. കെ.എൽ.ഡി.ബോർഡ് ഉല്പ്പാദിപ്പിക്കുന്ന ജെഴ്സി ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനങ്ങളുടെ ബീജ മാത്രകൾ മാത്രം പ്രജനനത്തിനായി ഉപയോഗിക്കുന്നു. മേന്മയേറിയ വിത്തുകാളയിൽ നിന്നും ബീജം ശേഖരിച്ച് പ്രീമിയം ബുൾസെമനായി ഉപയോഗിച്ച് ഇതുവഴി പാലുൽപാദനം വർദ്ധിപ്പിയ്ക്കാൻ ലക്ഷ്യമിടുന്നു. രോഗ പ്രതിരോധം, ഗോസുരക്ഷ പദ്ധതി വഴി നടപ്പിലാക്കുന്നു. മാസ്റ്റൈറ്റിസ് കിറ്റുകൾ കർഷകർക്ക് വിതരണം ചെയ്ത് അകിടു രോഗം മുൻകൂട്ടി കണ്ടുപിടിക്കാൻ സഹായിക്കുന്നു. കൂടാതെ ക്ഷീരധാര ,ഗോസമൃദ്ധി പദ്ധതികളും നടപ്പിലാക്കി വരുന്നു. മേൽവിവരിച്ച പദ്ധതികളിലൂടെ പാലുൽപാദനക്ഷമത ആകെ 18-20 ലിറ്റർ ആയി ഉയർത്താനാണ് ഉദ്ദേശിയ്ക്കുന്നത്. |

| | | | |
|---|---|---|---|
| ബി) | കേരളത്തിന്റെ തനത് ജനുസ്സ് പശുക്കളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ട്; | ബി) | കേരളത്തിലെ കന്നുകാലി സമ്പത്തിന്റെ ജനിതക വൈദഗ്ദ്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി, ഇന്ത്യയിലെ മുന്തിയ പാലുൽപ്പാദനം തരുന്ന ഇനങ്ങളായ സഹിവാൾ പോലുള്ളവയിൽ വിദേശ ജനുസ്സിലുള്ള കാളകളുടെ ബീജം ഉപയോഗിച്ച് ഒന്നാം തലമുറയിലെ ( $F_1$) വിത്തുകാളകളെ ഉൽപ്പാദിപ്പിക്കുകയും അവയുടെ ബീജവും പ്രജനന പരിപാടികൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ''കന്നുകാലി പ്രജനന നയം 2008 '' -ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| സി) | സംസ്ഥാനത്ത് ഇപ്പോൾ നില നിൽക്കുന്ന തനത് ജനുസ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | സി) | സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്ന തനതു കന്നുകാലി ജനുസ്സുകൾ വെച്ചൂർ പശുവും ,കാസർഗോഡ് ഡ്വാർഫും ഹൈറേഞ്ച് കുള്ളൻ, വടകര പശു എന്നിവയാണ്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരളനിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 464** **15-07-2008-ൽ മറുപടിയ്ക്ക്**

## "സംസ്ഥാനത്തിന്റെ വിഭവ ഭൂപടം"

| ചോദ്യം.<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ. | ഉത്തരം.<br>ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) എന്തെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് സംസ്ഥാനത്തിന്റെ വിഭവഭൂപടം തയ്യാറാക്കിയിട്ടുള്ളത് ; | (എ) ഓരോ തദ്ദേശ സ്വയംഭരണ പ്രദേശ പരിധിയിൽ വരുന്ന ഭൂവിനിയോഗം, ജലവിഭവങ്ങൾ, ആസ്തികൾ എന്നിവയെ സംബന്ധിച്ച് സർവ്വേ പ്ലോട്ട് അടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയും വിശകലനം നടത്തി ഭൂപടങ്ങൾ തയ്യാറാക്കുന്ന പരിപാടിയാണ് വിഭവഭൂപട നിർമ്മാണം. കാർഷിക മേഖല വികസനം, ഗതാഗതവികസനം, ജലവിഭവ ആസൂത്രണം, തരിശുഭൂമി വികസനം എന്നിവയുടെ ആസൂത്രണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ് ഈ ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) ഏതെല്ലാം ഔദ്യോഗിക അനൗദ്യോഗിക ഏജൻസികളാണ് സംസ്ഥാനത്തിന്റെ വിഭവഭൂപടം തയ്യാറാക്കിയിട്ടുള്ളത് ; | (ബി) 1998 -ലെ G.O(Rt)No.329/98/Plg dated,21-08-1998 എന്ന സർക്കാർ ഉത്തരവ് പ്രകാരം വിഭവഭൂപട നിർമ്മാണത്തിന്റെ പൂർണ്ണ ചുമതല സംസ്ഥാന ഭൂവിനിയോഗ ബോർഡിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഇതിന് മുമ്പ് തിരുവനന്തപുരത്തുള്ള ഭൗമശാസ്ത്ര പഠനകേന്ദ്രം മുഖാന്തിരമാണ് ഇത് നടപ്പിലാക്കിയിരുന്നത്. 2000 -ലെ G.O(Rt)No.305/2000/Plg dated,10-07-2000 എന്ന സർക്കാർ ഉത്തരവ് പ്രകാരം ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി തിരഞ്ഞെടുത്ത സന്നദ്ധ സംഘടനകൾ വഴിയും നടപ്പാക്കി വരുന്നു. താഴെ പറയുന്ന സന്നദ്ധ സംഘടനകളാണ് ഇതിനായി വിവിധ ഘട്ടങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. |

1. സെന്റർ ഫോർ എൻവയോൺമെന്റ് & ഡവലപ്പ്മെന്റ്, തിരുവനന്തപുരം.
2. ഗ്രാമീണ പഠന കേന്ദ്രം, തിരുവനന്തപുരം.
3. അഗ്രികൾച്ചർ & ഇക്കോസിസ്റ്റം മാനേജ്മെന്റ് ഗ്രൂപ്പ്, തിരുവനന്തപുരം.
4. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി റിസർച്ച് & ട്രെയിനിംഗ്, തിരുവനന്തപുരം.
5. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റൂറൽ ഡവലപ്പ്മെന്റ്, തിരുവനന്തപുരം.
6. ഡെയിൽവ്യൂ, തിരുവനന്തപുരം.
7. കൈരളി മഹിളാസമാജം, തിരുവനന്തപുരം.
8. കേരള അസോസിയേഷൻ ഫോർ റൂറൽ ഡവലപ്പ്മെന്റ് & പീസ്, തിരുവനന്തപുരം.
9. ക്രിസ്ത്യൻ ഏജൻസി ഫോർ റൂറൽ ഡവലപ്പ്മെന്റ്, തിരുവല്ല.
10. സെന്റർ ഫോർ ബയോറിസോഴ്സ് ഡവലപ്പ്മെന്റ്, തിരുവനന്തപുരം.
11. സെന്റർ ഫോർ മാപ്പിംഗ് സൊലൂഷൻ, തിരുവനന്തപുരം.

ഇതിൽ ക്രമനമ്പർ 1,2,3,4,9,10,11 എന്നീ സന്നദ്ധ സംഘടനകളാണ് നിലവിൽ ഇതുമായി സഹകരിച്ച് പ്രവർത്തിക്കുന്നത്.

(സി) ഇവർക്കു വിഭവഭൂപടം തയ്യാറാക്കാൻ ആരുടെ അനുമതിയാണ് വേണ്ടത് ;

(സി) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി തയ്യാറാക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റി (D.P.C) യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കാണ് അതാത് ഇടങ്ങളിൽ വിഭവ ഭൂപടം തയ്യാറാക്കുന്നത്.

(ഡി) ഈ വിഭവഭൂപടങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

(ഡി) സംസ്ഥാന ഭൂവിനിയോഗ ബോർഡും തിരഞ്ഞെടുത്ത സന്നദ്ധ സംഘടനകളും തയ്യാറാക്കുന്ന വിഭവ ഭൂപടങ്ങളും റിപ്പോർട്ടും സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പരിശോധനക്കും അംഗീകാരത്തിനും ശേഷം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയാണ് ചെയ്യുന്നത്. ഈ ഭൂപടങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കടത്തിയതായി അറിവില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :465 | 15.7.2008-ൽ മറുപടിക്ക്

## വിമുക്തഭടൻമാർക്ക് പുനർനിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.സി.മൊയ്തീൻ,<br>ശ്രീ. വി.ശശികുമാർ,<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി,<br>ശ്രീ.എം.ഹംസ,<br>ശ്രീ.ബാബു എം. പാലിശ്ശേരി. | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) വിമുക്തഭടൻമാർക്ക് സംസ്ഥാനത്തെ പൊതു മേഖലാ സ്ഥാപനങ്ങളിലും മറ്റും പുനർനിയമനം നൽകുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണ്; | എ) വിമുക്തഭടന്മാർക്ക് സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളിലും മറ്റും പുനർനിയമനം നൽകുന്നത് പി.എസ്.സി . എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, ജില്ലാസൈനികക്ഷേമഓഫീസുകൾ,വിമുക്തഭട-വികസനപുനരധിവാസ കോർപ്പറേഷൻ എന്നിവ വഴിയാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള വിമുക്തഭടന്മാരെ മുൻഗണനാക്രമത്തിൽ പൊതുമേഖലാ സ്ഥാപന ങ്ങളുടെ ആവശ്യാനുസരണം നിയമനത്തിനായി നാമനിർദ്ദേശം ചെയ്യുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനതന്നെയാണ്. ജില്ലാ |

| | |
|---|---|
| | സൈനികക്ഷേമ ഓഫീസുകളിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള വിമുക്തഭടന്മാരെ സൈനികക്ഷേമ ഓഫീസുകൾ മുഖേനയും വിവിധ ഓഫീസുകളിലേയക്ക് നാമനിർദ്ദേശം ചെയ്യുന്നു. ഇതു കൂടാതെ വിമുക്ത ഭടവികസന കോർപ്പറേഷൻ മുഖേന ദിവസ വേതനാടിസ്ഥാനത്തിലും ഡയറക്ടർ ജനറൽ റീസെറ്റിൽമെന്റ് (ഡി.ജി.ആർ) നിശ്ചയിക്കുന്ന വേതനനിരക്കിലും സർക്കാർ, അർദ്ധസർക്കാർ, കേന്ദ്രസർക്കാർ സ്ഥാപനങ്ങളിലേയ്ക്കും ആവശ്യാനുസരണം വിമുക്തഭടന്മാരെ നിയമനത്തിനായി നാമനിർദ്ദേശം ചെയ്യുന്നു. |
| (ബി)പുനർനിയമനത്തിനായി സൈനിക ക്ഷേമ വകുപ്പിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | **ബി)** 2008 മാർച്ച് 31 -ാം തീയതി വരെ സൈനികക്ഷേമ വകുപ്പിൽ 30531 പേരും വിമുക്തഭടവികസനകോർപ്പറേഷനിൽ ഇതുവരെ 18986 പേരും പുനർനിയമനത്തിനായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി)വിമുക്തഭടൻമാരുടെ കുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസാ നുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ: | **സി)** 07-05-2005 ലെ ജി.ഒ(പി) 154/05/പൊ.ഭ.വ ഉത്തരവ് പ്രകാരം വിമുക്തഭടന്മാരുടെ കുട്ടികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) വിമുക്തഭടന്മാർക്കും വിധവകൾക്കുമായി ആവിഷ്ക്കരിച്ചിട്ടുള്ള പരിശീലന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ? | ഡി) സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും 2005 -06 വർഷം അനുവദിച്ച 10 ലക്ഷം രൂപയും 2006-07 വർഷം അനുവദിച്ച 1 ലക്ഷം രൂപയും വിനിയോഗിച്ച് തിരുവനന്തപുരത്തും തൃശ്ശൂരിലും വിമുക്തഭടന്മാർക്കും വിധവകൾക്കുമായി കമ്പ്യൂട്ടർ പരിശീലനത്തിനായി കമ്പ്യൂട്ടർ സെന്ററുകൾ സ്ഥാപിച്ചു. 2007 -08 വർഷം അനുവദിച്ച 4 ലക്ഷം രൂപയും അമാൽഗമേറ്റഡ് ഫണ്ടിൽ നിന്നും അനുവദിച്ച 1,02,684 രൂപ (ഒരു ലക്ഷത്തി രണ്ടായിരത്തി അറുന്നൂറ്റി എൺപത്തിനാലു രൂപ) യും വിനിയോഗിച്ച് കമ്പ്യൂട്ടർ സെന്ററുകളിലും വിവിധ ജില്ലകളിലെ അംഗീകൃത തൊഴിൽ പരിശീലന കേന്ദ്രങ്ങളിലുമായി ആകെ 221 പേർക്ക് പുനരധിവാസ പരിശീലനം നൽകി. വിമുക്തഭടകോർപ്പറേഷൻ മുഖേന KEXCON Security Guards, KEXCON Maintenance Team, KEXCON Support Finance, KEXCON Pay and Park Avenues തുടങ്ങിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

## Rehabilitation training ESM/Widows/Dependents -Details -2007-08

1

| Ser No | District | Name of Course | Institution | Expenditure in Rs | No.of Beneficiaries |
|---|---|---|---|---|---|
| 01 | Thiruvananthapuram | Computer electronicOffice(CEO) | Comp centre in SainikCentre,Tvmp | 16250 | 19 |
| | | Comp Maintenance | Comp centre in Sainik Centre Tvpm | 6000 | |
| | | CEO&CCA2 courses | Comp centre in Sainik Centre Tvpm | 33750 | 38 |
| | | Internet Connection advance | Comp centre in Sainik Centre Tvpm | 7889 | |
| | | CEO&CCA2 courses | Comp centre Sainik Centre Tvpm | 33750 | 36 |
| | | Compute up gradation | Comp centre in Sainik Centre Tvpm | 104620 | |
| 02 | Malappu - ram | Computer Literacy Programme | Mal.Institute of Entrrepreneur Dis. Pancyayat | 18700 | 17 |
| 03 | Pathana-mthitta | Diploma in Office Automation | ET&T of TCIL Pathanamthitta | 42000 | 14 |
| | | Diploma in Office Automation | ET&T of TCIL Pathanamthitta | 36000 | 12 |
| 04 | Kozhiko-de | Data Entry Operator&Office Automation | LBS Centre Kozhikode | 59000 | 20 |
| | | LMV Driving course | Athira Motor Driving School | 72500 | 29 |
| 05 | Kollam | Diploma in Desk Top Publishing | M/s Perfect Computers | 45000 | 15 |
| 06 | Kannur | Mobile Phone repairing course | Television Technical Institute Thalassery | 36225 | 21 |
| Total | | | | 502684* | 221 |

In addition to Government plan fund of Rs 4 lakhs, a sum of Rs 102684/- has been expended from Amalgamated fund.

Section Officer

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: * 466** | **15.7.2008-ൽ മറുപടിയ്ക്ക്**

**വംശനാശഭീഷണി നേരിടുന്ന സസ്യജീവജാലങ്ങളെ കുറിച്ചുള്ള പഠനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ്ജ് മേഴ്സിയർ<br>ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എം.എ. വാഹിദ് | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് അന്യംനിന്നു പോകാൻ സാധ്യതയുള്ള സസ്യ ജീവജാലങ്ങളെപ്പറ്റി പഠിക്കാനും അവയെ ജനിതകമായി തരംതിരിക്കുന്നതിനും കേന്ദ്രവുമായി സംയുക്ത സംരംഭം തുടങ്ങുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) ഇല്ല. ഇതു സംബന്ധിച്ച ഒരു നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇതിന് എന്തൊക്കെ കേന്ദ്ര സഹായം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) ഈ സ്ഥാപനത്തിന് (ബാർകോഡിംഗ് കേന്ദ്രം) സെന്റർ ഓഫ് എക്സലൻസ് പദവിയും, ഏകദേശം 5 കോടിയോളം രൂപ സാമ്പത്തിക സഹായവും അഞ്ചു വർഷത്തേക്കായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഇതുമായി ബന്ധപ്പെട്ട് ഡി.എൻ.എ. ബാർ കോഡിംഗിനായി സ്ഥാപിക്കുന്ന ഗവേഷണ പഠന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ? | (സി) ബാർകോഡിംഗ് ഗവേഷണത്തിന്റെ ആദ്യ ഘട്ടത്തിൽ പശ്ചിമഘട്ട വന പ്രദേശത്തെ കുരുമുളക്, ഇഞ്ചി എന്നിവയുടെ വർഗ്ഗത്തിൽപ്പെട്ട സസ്യജാലങ്ങളേയും മറ്റ് സുഗന്ധ വ്യഞ്ജനസസ്യങ്ങളേയും ആണ് ജനിതകമായി തരംതിരിച്ച് ബാർകോഡിംഗ് നടത്തുന്നത്. ഇതിലേക്കായി പശ്ചിമഘട്ട വന പ്രദേശത്തെ ഇത്തരം സസ്യജാലങ്ങളുടെ ഭാഗങ്ങൾ ശേഖരിച്ച് അവയുടെ ജനിതകമൂല്യം (ഡി.എൻ.എ.) വേർതിരിച്ച്, ശാസ്ത്രീയമായി ശ്രീതീകരിച്ച്, മറ്റു പഠനങ്ങൾക്കായി ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ: 467</u>

15. 7. 2008-ൽ മറുപടിയ്ക്ക്

**<u>പുതിയ ഫിഷ് ലാൻഡിംഗ് സെന്ററുകൾ</u>**

<u>ചോദ്യം</u>

മറുപടി

ശ്രീ. അടൂർ പ്രകാശ്

ശ്രീ എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് എവിടെയെല്ലാം പുതിയ ഫിഷ് ലാൻഡിംഗ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു; | എ) ആലപ്പുഴ ജില്ലയിലെ മുഹമ്മയിലും കൊല്ലം ജില്ലയിലെ സാമ്പ്രാണിക്കൊടിയിലും കാസർഗോഡ് ജില്ലയിലെ ബേക്കലിലും പുതുതായി ഫിഷ് ലാന്റിംഗ് സെന്ററുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മറൈൻ സെക്ടറിലും ഇൻലാന്റ് സെക്ടറിലുമായി 25 ഫിഷ് ലാന്റിംഗ് സെന്ററുകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) ഇൻലാൻഡ് മത്സ്യബന്ധനം നടത്തുന്നവർക്ക് പ്രയോജനം ലഭിക്കുന്ന എന്തെല്ലാം വർക്കുകൾ ചെയ്യുവാൻ പദ്ധതിയുണ്ട്; | ബി) ഇൻലാൻഡ് മേഖലയിൽ ലാന്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള യോഗ്യതാ പഠനങ്ങൾ നടന്നു വരുന്നു. |
| സി) ഇൻലാൻഡ് മത്സ്യത്തൊഴിലാളികൾക്ക് വലയും വള്ളവും സൗജന്യമായി കൊടുക്കാനോ അതിനുള്ള സബ്സിഡി കൊടുക്കാനോ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ? | സി) നിലവിൽ പദ്ധതികളൊന്നും പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 468 15-07-2008 ൽ മറുപടിക്ക്.

## എയർടാക്സി സർവ്വീസ്

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ :<br>ശ്രീ.ജോസഫ് .എം.പുതുശ്ശേരി :<br>ശ്രീ.തോമസ് ചാഴികാടൻ : | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ). സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് എയർടാക്സി സർവ്വീസ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ബി). ഇക്കാര്യത്തിനായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ :<br><br>(സി). പ്രസ്തുത പദ്ധതി കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കുവാൻ പ്രത്യേക കമ്പനിയോ സ്ഥാപനമോ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്രകാരം ; | (എ). യും (ബി) യും (സി) യും<br>ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി). ഗൾഫിലേക്കു ഉപജീവനനാർത്ഥം ജോലിക്കായി കുറഞ്ഞ ചെലവിൽ പോയിവരുന്നതിനായി ' എയർകേരള ഇന്റർനാഷണൽ സർവ്വീസ് ' എന്ന കമ്പനിയ്ക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ; ഇല്ലെങ്കിൽ ആയതു നേടിയെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ഡി). അനുമതി ലഭിച്ചിട്ടില്ല. ഗൾഫിലേയ്ക്ക് ജോലിക്കായി കുറഞ്ഞ ചെലവിൽ പോയിവരുന്നതിനായി വിമാന സർവ്വീസ് നടത്തുന്നതിന് ഒരു പബ്ളിക് ലിമിറ്റഡ് കമ്പനി തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. തദ്ദേശീയവും അന്തർദ്ദേശീയവുമായ ഫ്ളൈറ്റുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെ സിവിൽ ഏവിയേഷൻ മന്ത്രാലയം താഴെപ്പറയുന്ന നിബന്ധനകൾ ചൂണ്ടികാണിച്ചിട്ടുണ്ട്.<br>1. അന്തർദ്ദേശീയ ഫ്ളൈറ്റുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഒരു എയർലൈൻസ് കമ്പനി തദ്ദേശതലത്തിൽ ചുരുങ്ങിയത് 5 വർഷമെങ്കിലും സർവീസുകൾ നടത്തിയിട്ടുണ്ടായിരിക്കണം. |

2 അന്തർദ്ദേശീയ ഫ്ളൈറ്റുകൾ ഓപ്പറേറ്റ് ചെയ്യുവാനാഗ്രഹിക്കുന്ന തദ്ദേശ വിമാനകമ്പനികൾക്ക് ചുരുങ്ങിയത് 20 വിമാനങ്ങളെങ്കിലും ഉടമസ്ഥതയിൽ ഉണ്ടായിരിക്കണം.

3. മദ്ധ്യ ഏഷ്യൻ രാജ്യങ്ങളിലേയ്ക്ക് ഇന്ത്യയിൽ നിന്ന് എയർ ഇന്ത്യയും ഇന്ത്യൻ എയർലൈൻസും ഒഴികെ മറ്റൊരു ഷെഡ്യൂൾ വിമാനകമ്പനിയും വിമാനസർവ്വീസുകൾ നടത്തുവാൻ പാടുള്ളതല്ല.

മേൽ വ്യവസ്ഥകൾക്ക് അയവുവരുത്തിക്കൊണ്ട് ഉത്തരവാകുവാൻ കേന്ദ്ര ഗവൺമെന്റിനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അത്തരത്തിലുള്ള അയവുകൾ ലഭിക്കാതെ നിർദ്ദിഷ്ട വിമാനക്കമ്പനി പ്രാവർത്തികമാവുക അസാധ്യമാണെന്ന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് അതോറിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

(signature)
സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം -469 | 15.07.2008ൽ മറുപടിയ്ക്ക്.

ഭക്ഷ്യവിതരണ കോർപ്പറേഷനുകൾക്ക് സബ്സിഡി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ. സുധാകരൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. എ. പി. അനിൽകുമാർ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി ) |
| (എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങളിലെ ഭക്ഷ്യവിതരണ കോർപ്പറേഷനുകൾക്ക് സബ്സിഡി നൽകുന്നതിനായി കേന്ദ്ര സർക്കാർ പുതിയ പദ്ധതി ആവിഷ്കരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കേന്ദ്ര സർക്കാർ ആരാഞ്ഞിട്ടുണ്ടോ ; | (എ) യും (ബി) യും :<br><br>ഉണ്ട്. |
| (സി) ഇതു സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; | (സി) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി 03.07.2008-ൽ ന്യൂഡൽഹിയിൽ ചേരുകയുണ്ടായി. ആയതിന്റെ വെളിച്ചത്തിൽ സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനുകൾ ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളും ധനസഹായവും നൽകേണ്ടതിന് അവലംബിക്കേണ്ട രീതികളും മാർഗ്ഗരേഖകളും അപേക്ഷ സമർപ്പിക്കേണ്ട രീതികളും തിരഞ്ഞെടുക്കപ്പെടേണ്ടതിനുള്ള യോഗ്യതാ മാനദണ്ഡങ്ങളും പദ്ധതി നിരീക്ഷണ വ്യവസ്ഥകളും കേന്ദ്ര സർക്കാരാണ് രൂപീകരിക്കുന്നത്. ആയത് ലഭിച്ചതിനുശേഷം സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനുകൾ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്. |

(ഡി) ഇതിന്റെ നടത്തിപ്പിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിക്കുമോ ;

(ഡി) ഈ പദ്ധതിക്ക് ധനസഹായം നൽകുന്നതിനെക്കുറിച്ച് കേന്ദ്ര സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല. കേന്ദ്രത്തിന്റെ തീരുമാനം വരുന്ന മുറയ്ക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്.

(ഇ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് ഈ പദ്ധതിയനുസരിച്ച് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ഇ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് ഈ പദ്ധതിയനുസരിച്ച് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം :470 15-7-2008ൽ മറുപടിക്ക്.

ബി.എസ്.എഫ് യൂണിറ്റ് സ്ഥാപിക്കുന്നതിലെ കാലതാമസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ കെ.കെ.ഷാജു<br>ശ്രീ . തോമസ് ചാണ്ടി. | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യ മന്ത്രി) |
| (എ) കേരളത്തിനനുവദിച്ച ബി.എസ്.എഫ് യൂണിറ്റ് സ്ഥാപിക്കുന്നതിലെ കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) നിർദ്ദിഷ്ട ബി.എസ്.എഫ് കേന്ദ്രം സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ബി.എസ്.എഫിന് കൂടി സമ്മതമായത് കണ്ടെത്തുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി സ്വീകരിച്ചു വരുന്നു. ബി. എസ്. എഫിന്റെ അപേക്ഷ സർക്കാർ പരിഗണിക്കുന്നതിൽ അവർ സംതൃപ്തി അറിയിച്ചിട്ടുണ്ട്. |
| (ബി) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്ത് ബി.എസ്.എഫ് യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; | (ബി) നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ സ്ഥലത്ത് ബി.എസ്.എഫ് യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഇത്തരം നല്ല പദ്ധതികൾ, സംസ്ഥാന ഗവൺമെന്റ്, സ്ഥലം ഏറ്റെടുത്ത് നൽകാത്തതുമൂലവും ശരിയായ തുടർ പ്രവർത്തനങ്ങൾ ഇല്ലാത്തതിനാലും നഷ്ടപ്പെടുന്നത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ : | (സി) സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ട ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ലഭിക്കുന്ന പദ്ധതികൾ സ്ഥലം ലഭ്യമാക്കാത്തതിന്റെ പേരിൽ നഷ്ടപ്പെടാതിരിക്കുന്നതിനാവശ്യമായ ജാഗ്രത പുലർത്തിവരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 471 — 15.07.2008-ൽ മറുപടിക്ക്

## ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള വിമാനക്കൂലി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി. ജലീൽ:<br>ശ്രീ. എം. ഹംസ:<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. പി.ടി.എ. റഹീം:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള വിമാനക്കൂലി വൻതോതിൽ വർദ്ധിച്ചിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വിമാനക്കൂലി കുറയ്ക്കുന്നതിനായി നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) ഗൾഫ് മേഖലയിൽ നിന്ന് കേരളത്തിലേയ്ക്ക് സർവ്വീസ് നടത്തുന്ന വിമാന കമ്പനികൾ സീസൺ കാലയളവിൽ യാത്രാകൂലിയിൽ വർദ്ധനവ് നടത്തുന്നത് നിരവധി തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയ്ക്കും ഇത് സംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ട്. |
| (സി) സ്വന്തമായി വിമാന കമ്പനി തുടങ്ങുന്നതിന് സംസ്ഥാന സർക്കാരിന് പദ്ധതിയുണ്ടോ; | (സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) സംസ്ഥാന ഉടമസ്ഥതയിൽ രാജ്യാന്തര വിമാന സർവ്വീസ് നടത്തുന്നതിന് അനുമതി നൽകുന്നതു സംബന്ധിച്ച് വ്യോമയാന മന്ത്രാലയത്തിന്റെ നിലപാട് എന്താണ്;<br>(ഇ) ആഭ്യന്തര വിമാന സർവ്വീസ് സംസ്ഥാന ഉടമസ്ഥതയിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (ഡി) യും (ഇ) യും സംസ്ഥാന ഉടമസ്ഥതയിൽ രാജ്യാന്തര വിമാനസർവ്വീസ് നടത്തുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്.<br>1. അന്തർദ്ദേശീയ ഫ്ളൈറ്റുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഒരു എയർലൈൻസ് കമ്പനി തദ്ദേശതലത്തിൽ ചുരുങ്ങിയത് 5 വർഷമെങ്കിലും സർവ്വീസുകൾ നടത്തിയിട്ടുണ്ടായിരിക്കണം. |

2. അന്തർദ്ദേശീയ ഫ്ലൈറ്റുകൾ ഓപ്പറേറ്റ് ചെയ്യുവാനാഗ്രഹിക്കുന്ന തദ്ദേശ വിമാനകമ്പനികൾക്ക് ചുരുങ്ങിയത് 20 വിമാനങ്ങളെങ്കിലും ഉടമസ്ഥതയിൽ ഉണ്ടായിരിക്കണം.
3. മദ്ധ്യ ഏഷ്യൻ രാജ്യങ്ങളിലേയ്ക്ക് ഇന്ത്യയിൽ നിന്ന് എയർ ഇന്ത്യയും ഇന്ത്യൻ എയർലൈൻസും ഒഴികെ മറ്റൊരു ഷെഡ്യൂൾ വിമാനകമ്പനിയും വിമാന സർവ്വീസുകൾ നടത്തുവാൻ പാടുള്ളതല്ല. ഈ സെക്റ്ററിലേക്ക് ഇപ്പോൾ മറ്റ് വിമാന കമ്പനികളേയും സർവ്വീസ് നടത്താൻ അനുവദിച്ചിട്ടുണ്ട്. ഉദാ. ജെറ്റ് എയർവേയ്സ്. എന്നാൽ വ്യവസ്ഥകൾ ഒന്നും രണ്ടും ഇപ്പോഴും നിലനിൽക്കുന്നു.

പ്രസ്തുത വ്യവസ്ഥകളിൽ ഇളവുവരുത്തുന്നതിനുവേണ്ടി സർക്കാർ കേന്ദ്ര വ്യോമയാന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 472 — 16-07-2006-ൽ മറുപടിക്ക്

<u>ആധാരമെഴുത്തുകാരുടെ ക്ഷേമം.</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ.വി. രാജഗോപാലൻ:<br>ശ്രീമതി ജെ.അരുന്ധതി:<br>ശ്രീ.എം.ചന്ദ്രൻ:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി | ശ്രീ.എസ്.ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ആധാരമെഴുത്തുകാരുടെ ക്ഷേമത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;<br>(ബി) ആധാരമെഴുത്തുകാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും : ആധാരമെഴുത്തുകാർക്ക് ക്ഷേമനിധി പദ്ധതി നിലവിലുണ്ട്. പെൻഷൻ പദ്ധതി കൂടി നടപ്പാക്കാനുള്ള നടപടികളാണ് ഇപ്പോൾ പരിഗണിക്കുന്നത്. |
| (സി) ആധാരമെഴുത്തിലെ പഴയ രീതികൾ മാറ്റുന്നതിനും രജിസ്ട്രേഷൻ മേഖലയെ സുതാര്യമാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (സി) രജിസ്ട്രേഷൻ മേഖലയെ സുതാര്യമാക്കുന്നതിലേക്കായി രജിസ്ട്രേഷൻ നിയമത്തിലെ 2001 ലെ ഭേദഗതിക്കനുസൃതമായി 4.4.2007 ലെ 830- ാം നമ്പർ അസാധാരണ ഗസറ്റ് മുഖേന പ്രസിദ്ധീകരിച്ച 4.5.2007 ലെ ആർ.ആർ.4-5448/2003 നമ്പർ ഉത്തരവനുസരിച്ച് സംസ്ഥാനത്ത് നിലവിൽവന്ന രജിസ്ട്രേഷൻ ചട്ട ഭേദഗതി അനുസരിച്ച് രജിസ്ട്രേഷനായി ആധാരം ഹാജരാക്കുന്ന ആളിന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതു കൈ പെരുവിരൽപ്പതിപ്പും ആധാരത്തിൽ പതിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിലയാധാരങ്ങളിൽ വസ്തു വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന ഓരോ ആളിന്റേയും പാസ്പോർട്ട് സൈസ് ഫോട്ടോയും ഇടതു കൈ പെരുവിരൽപ്പതിപ്പും ആധാരത്തിൽ പതിപ്പിക്കണം.കൂടാതെ രജിസ്ട്രിംഗ് ആഫീസർ തന്റെ മുൻപാകെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാകുന്ന ആളുടെ അനന്യത സ്വയം ബോദ്ധ്യപ്പെടുന്നതിലേയ്ക്കായി ഇലക്ടറൽ തിരിച്ചറിയൽ കാർഡോ, പാസ്പോർട്ടോ,ഡ്രൈവിംഗ് ലൈസൻസോ, പെർമനന്റ് അക്കൗണ്ട് നമ്പർ കാർഡോ, റേഷൻ കാർഡോ സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും അധികാരി നൽകുന്ന തിരിച്ചറിയൽ കാർഡോ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ് എന്നുള്ള വ്യവസ്ഥ സംസ്ഥാനത്ത് പ്രത്യേകമായി നടപ്പാക്കിയ പരിഷ്കാരമാണ്. കൈയ്യെഴുത്തായി ആധാരപ്പകർപ്പുകൾ തയ്യാറാക്കി നൽകുന്ന സമ്പ്രദായം മൂലം വന്നിരുന്ന വലിയ കാലതാമസം ഒഴിവാക്കുന്നതിലേക്കായി ഡിജിറ്റൽ ഇമേജ് പ്രിന്റർ എന്ന നൂതന സംവിധാനം 309 സബ് രജിസ്ട്രാർ ആഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം പ്രത്യേകമായി ഇതിനുവേണ്ടി |

| | |
|---|---|
| | വികസിപ്പിച്ചെടുത്തതാണ് 1959ലെ കേരള മുദ്രപ്പത്ര നിയമം വകുപ്പ് 28A പ്രകാരവും അതിൻ കീഴിൽ നിർമ്മിച്ച 1995ലെ കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യു ഓഫ് ലാൻഡ്) റൂൾസ് പ്രകാരവും അതാത് പ്രദേശത്തെ ആർ.ഡി.ഒമാർ ഓരോ വില്ലേജിലെയും സർവ്വേ നമ്പർ, ക്ലാസിഫിക്കേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ ഭൂമിയുടെ കരട് ന്യായവില നിശ്ചയിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിന് സഹായകമായ വിധത്തിൽ ഭൂമിയെ 15 ആയി തരംതിരിച്ചാണ് വിലനിർണ്ണയം നടത്തിയത്. ഭൂമിയുടെ ന്യായവില സംബന്ധിച്ച കരട് വിജ്ഞാപനം 06-05-'06 ലെ 872 ാം നമ്പർ അസാധാരണ ഗസറ്റ് നോട്ടിഫിക്കേഷനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>രജിസ്ട്രേഷൻ വകുപ്പിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടർ സംവിധാനം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. അതിൽ മൂന്ന് ഒഴികെ ബാക്കി 306 ഓഫീസുകളിലും കമ്പ്യൂട്ടർവൽകൃത പ്രവർത്തനം നടന്നുവരുന്നു. രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ, അവയ്ക്കുള്ള ഫീസ് നിരക്കുകൾ, ഓരോ സേവനവും ലഭിക്കാനുള്ള സമയ പരിധി, പ്രസ്തുത സമയപരിധിക്കുള്ളിൽ സേവനം ലഭിച്ചില്ലെങ്കിൽ പരാതി സമർപ്പിക്കേണ്ട അധികാരി, പരാതിയിലെ തീർപ്പിനെതിരെ അപ്പീൽ നൽകേണ്ട അധികാരിയുടെ വിവരങ്ങൾ എന്നീ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഐ.എം.ജി. യുടെ സാങ്കേതിക മാർഗ്ഗ നിർദ്ദേശത്തോടെ തയ്യാറാക്കിയ പൗരാവകാശ രേഖയ്ക്ക് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. ടി പൗരാവകാശ രേഖ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. മാത്രമല്ല രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ജില്ലാ രജിസ്ട്രാർമാർ ബന്ധപ്പെട്ട സബ് രജിസ്ട്രാർമാർ എന്നിവരെ ഉൾപ്പെടുത്തി രജിസ്ട്രേഷൻ വകുപ്പിൽ പരാതി പരിഹാര സെല്ലും ആരംഭിച്ചിട്ടുണ്ട്. |
| (ഡി) ആധാരങ്ങൾ ഡി.റ്റി.പി യിൽ തയ്യാറാക്കി സമർപ്പിക്കുന്ന നടപടി പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) ഇല്ല. ആധാരങ്ങൾ ഡി.റ്റി.പി യിലും തയ്യാറാക്കി സമർപ്പിച്ചു വരുന്നുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട നിയമങ്ങളിൽ ഈ ഗവൺമെന്റ് മാറ്റമൊന്നും വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 473 15.07.2008 -ന് മറുപടിക്ക്

## ഭൂചലന സാദ്ധ്യത മുൻകൂട്ടി അറിയുവാൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീമതി. കെ.കെ.ലതിക | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(ബഹു. മുഖ്യമന്ത്രി) |

........

| | |
|---|---|
| (എ) സംസ്ഥാനത്ത് ഭൂചലന സാദ്ധ്യതയുള്ള പ്രദേശങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) ഉണ്ട്. കേരളത്തെ ഭൂകമ്പ സാദ്ധ്യത സോൺ 3-ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുറത്തേയ്ക്കു വിടുന്ന ഊർജ്ജത്തിന്റെ അടിസ്ഥാനത്തിലാണ് ഭൂകമ്പങ്ങളെ അളക്കുന്നത്. ശക്തിയുടെ അടിസ്ഥാനത്തിൽ ഭൂകമ്പങ്ങളെ ഇപ്രകാരം തരംതിരിച്ചിരിക്കുന്നു. റിക്ടർ സ്കെയിലിൽ 3 നു താഴെ തീവ്രതയുള്ള ഭൂചലനങ്ങളെ വെരി മൈനർ എന്നും 3-3.9 വരെ മൈനർ എന്നും 4-4.9 വരെ ലൈറ്റ് എന്നും 5-5.9 വരെ മോഡറേറ്റ് എന്നും 6-6.9 വരെ സ്ട്രോംഗ് എന്നും 7-7.9 വരെ മേജർ എന്നും 8 നു മുകളിൽ ഗ്രേറ്റ് എന്നും തരംതിരിച്ചിരിക്കുന്നു.<br><br>ഭൂകമ്പ സാദ്ധ്യതകളുടെയും അവയുടെ ശക്തി, തീവ്രത എന്നിവയുടെയും അടിസ്ഥാനത്തിൽ രാജ്യത്തെ വിവിധ ഭൂകമ്പ മേഖലകളായി (സീസ്മിക് സോൺസ്) തരംതിരിച്ചിട്ടുണ്ട്. 2002 -ലെ പുതുക്കിയ |

ഭൂകമ്പ മേഖലാ ഭൂപടമനുസരിച്ച് 2,3,4, എന്നിങ്ങനെ ഇന്ത്യയെ 4 മേഖലകളായി തരംതിരിച്ചിരിക്കുന്നു. കേരളം 3-ാമത്തെ മേഖലയിലാണ് ഉൾപ്പെടുന്നത്. (സോൺ -3). അതായത് റിക്ടർ സ്കെയിൽ പരമാവധി 6.5 മാഗ്നിറ്റ്യൂട് വരെയുള്ള ഭൂകമ്പങ്ങൾ കേരളത്തിൽ ഉണ്ടാകാം.

(ബി) കഴിഞ്ഞ രണ്ടു വർഷ കാലയളവിൽ കേരളത്തിൽ എവിടെയെല്ലാമാണ് ഭൂചലനങ്ങൾ ഉണ്ടായിട്ടുള്ളത് ;

(ബി) ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (സെസ്) കൂടാതെ ഇന്ത്യാ ഗവൺമെന്റിനു കീഴിലുള്ള മെറ്റിരിയോളജി വകുപ്പും (ഐ.എം.ഡി) കേരള സംസ്ഥാന വൈദ്യുതി ബോർഡും ഭൂകമ്പമാപിനികൾ സ്ഥാപിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പീച്ചിയിൽ സ്ഥാപിച്ചിട്ടുള്ള അതി നൂതനവും ശക്തിയേറിയതുമായ ഭൂകമ്പമാപിനിയാണ് സെസിന്റേത്. ഇതുപോലെതന്നെ ശക്തിയേറിയ ഉപകരണങ്ങളാണ് മെറ്റിരിയോളജി വകുപ്പ് തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുള്ളത്. ഇതു കൂടാതെ പഴയതും പുതിയതുമായ 12 ഭൂകമ്പ മാപിനികൾ വിവിധ അണക്കെട്ടുകളുമായി ബന്ധപ്പെടുത്തി സംസ്ഥാന വൈദ്യുതി ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷ കാലയളവിൽ മേൽപ്പറഞ്ഞ ഭൂകമ്പ മാപിനികളിൽ നിന്ന് രേഖപ്പെടുത്തിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തൃശ്ശൂരിനടുത്തുള്ള ദേശമംഗലം - വരവൂർ പ്രദേശത്ത്

10 നേരിയ ഭൂചലനങ്ങൾ (റിക്ടർ സ്കെയിലിൽ 1.5 നും 3നും ഇടയിൽ) ഉണ്ടായിട്ടുണ്ട്. പത്തനംതിട്ടയ്ക്കടുത്ത് 2.8 തീവ്രതയുള്ള ഒരു ഭൂചലനം രേഖപ്പെടുത്തിയിട്ടുണ്ട്. നേരിയ ഭൂചലന ങ്ങളുണ്ടായ മറ്റു പ്രദേശങ്ങൾ ഇനി പറയുംപ്രകാരമാണ്. (ചാലക്കുടിക്ക് 7.2 കിലോമീറ്റർ വടക്കു പടിഞ്ഞാറ് 2.0, ശ്രീകൃഷ്ണപുരം 0.9, പൂക്കോട്ടുകാവ് 0.9, ആറ്റിങ്ങൽ 2.5 , നെടുങ്കണ്ടം 2.5, ഇരിട്ടി 1.9, വെഞ്ഞപ്പാറ 1.6, മേലുകാവ് 1.8, ഇടമലയാർ 2.0). ഇതുകൂടാതെ 3 ചെറുചലനങ്ങൾ കേരളത്തിന്റെ തീരക്കടലിലും രേഖപ്പെടുത്തിയിട്ടുണ്ട്

(സി) അണക്കെട്ടുകൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ ഭൂചലന സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കേരളമൊട്ടാകെ ഭൂകമ്പ സാദ്ധ്യതയുടെ കാര്യത്തിൽ സോൺ 3 ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അണക്കെട്ടു സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിലും ഇതനുസരിച്ച് മോഡറേറ്റ് ഭൂചലനങ്ങൾ ക്ക് സാധ്യതയുണ്ട്.

(ഡി) ഭൂചലനം മുൻകൂട്ടി മനസ്സിലാക്കാനും അതിന്റെ അടിസ്ഥാനത്തിൽ മുന്നറിയിപ്പു നൽകാനും സംവിധാനമുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(ഡി) ഭൂചലനങ്ങൾ മുൻകൂട്ടി മനസ്സിലാക്കാനും പ്രവചിക്കാനും ഇന്ന് പ്രത്യേക സംവിധാനങ്ങളൊന്നുംതന്നെ നിലവിലില്ല. എന്നാൽ കേരളസംസ്ഥാനമാകെ സോൺ 3-ൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്ന മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ തയ്യാറെടുപ്പുകൾ നടന്നുവരുന്നു. മുൻകാലങ്ങളിലുണ്ടായ ഭൂകമ്പങ്ങളുടെ അടിസ്ഥാനത്തിൽ മുൻ ഭൂകമ്പമേഖലകൾ അടയാളപ്പെടുത്തുന്ന

ഭൂപടങ്ങൾ ഭൗമശാസ്ത്ര പഠനകേന്ദ്രത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഇത് ജില്ലാകളക്ടർമാർ മുഖേന ജില്ലാതലങ്ങളിലും ഗ്രാമങ്ങളിലും എത്തിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കൂടാതെ പ്രകൃതി ക്ഷോഭങ്ങളെക്കുറിച്ച് അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ വച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട മുൻകരുതലുകൾ വിവരിക്കുന്ന ലഘുലേഖകൾ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിൽ നിന്നും തയ്യാറാക്കി എല്ലാ വില്ലേജുകളിലും അയച്ചു കൊടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 474

15. 7. 2008-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്ക് ഔട്ട്ബോർഡ് എഞ്ചിൻ വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.പി.വിശ്വൻ<br>ശ്രീ.എം.കെ. പുരുഷോത്തമൻ<br>ശ്രീ.എ. പ്രദീപ് കുമാർ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യത്തൊഴിലാളികൾക്ക് ഔട്ട് ബോർഡ് എഞ്ചിനുകൾ വിതരണം ചെയ്യുന്നതിന് നിലവിലുള്ള പദ്ധതി യുടെ വിശദാംശം വെളിപ്പെടു ത്തുമോ; | എ) മത്സ്യഫെഡ് എൻ.സി.ഡി.സി യുടെ ധനസഹായ ത്തോടെ നടപ്പിലാക്കുന്ന ഐ.എഫ്.ഡി.പി പദ്ധതി പ്രകാരം, മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് വള്ളം, ഔട്ട്ബോർഡ് എഞ്ചിൻ, വല എന്നിവയ്ക്ക് വായ്പ നൽകിവരുന്നു. ഈ പദ്ധതി പ്രകാരം ഒ.ബി.എം വായ്പയ്ക്ക് അപേക്ഷിക്കുന്ന മത്സ്യത്തൊഴിലാളികൾക്കാണ് അത് നൽകുന്നത്. |
| ബി) മത്സ്യഫെഡ് മുഖേന നാളിതു വരെ എത്ര എഞ്ചിനുകൾ വിതരണം ചെയ്തിട്ടുണ്ട്; | ബി) മത്സ്യഫെഡ് വഴി നാളിതുവരെ 20830 (1989-90 മുതൽ 30-6-08 വരെ) എഞ്ചിനുകളാണ് മത്സ്യത്തൊഴി ലാളികൾക്ക് മത്സ്യബന്ധനത്തിനായി വിതരണം ചെയ്തി ട്ടുള്ളത്. |
| സി) കഴിഞ്ഞവർഷം എത്ര ഔട്ട് ബോർഡ് എഞ്ചിനുകൾ മത്സ്യബോർഡ് വഴി വിത രണം ചെയ്തു; | സി) മത്സ്യഫെഡ് വഴി ആകെ 890 എഞ്ചിനുകൾ വിതരണം ചെയ്തിട്ടുണ്ട്. മത്സ്യബോർഡ് വഴി എഞ്ചിനുകൾ വിത രണം ചെയ്യുന്നില്ല. |
| ഡി) എഞ്ചിനുകൾക്ക് കേന്ദ്ര സർ ക്കാർ നൽകുന്ന സബ്സിഡി എത്രയാണ്; | ഡി) കേന്ദ്രാവിഷ്കൃത സബ്സിഡി പദ്ധതിയിൽ (50% സി.എസ്.എസ്) മത്സ്യത്തൊഴിലാളി രൊക്കം വില കൊടുത്ത് മത്സ്യഫെഡ് വ്യാസാ സ്റ്റോറുകളിൽ നിന്നും വാങ്ങുന്ന എഞ്ചിനുകൾക്ക് ഒന്നിന് 10000/- രൂപ ക്രമ ത്തിൽ സബ്സിഡി നൽകി വരുന്നു. |
| ഇ) ഈ വർഷം എത്ര എഞ്ചിനുകൾ വിതരണം ചെയ്യാനാണ് ഉദ്ദേ ശിക്കുന്നത്; | ഇ) ഈ വർഷം ആകെ 1320 എഞ്ചിനുകളാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. |
| എഫ്) സംസ്ഥാന സർക്കാർ എഞ്ചി നുകൾക്ക് സബ്സിഡി നൽകു ന്നുണ്ടോ; എങ്കിൽ വ്യക്തമാ ക്കുമോ? | എഫ്) ഉണ്ട്. ഐ.എഫ്.ഡി.പി. പദ്ധതി പ്രകാരം നൽകുന്ന ഒ.ബി.എം ഉൾപ്പെടെയുള്ള മത്സ്യബന്ധന ഉപകരണ ങ്ങൾക്ക് സംസ്ഥാന സർക്കാർ 22.5% സബ്സിഡി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.475 15.7.2008 ൽ മറുപടിയ്ക്ക്

<u>വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം</u>

ചോദ്യം ഉത്തരം

ശ്രീ.വി.ജെ. തങ്കപ്പൻ:
ശ്രീ.വി.ശിവൻകുട്ടി:
ശ്രീ.ആർ. സെൽവരാജ്:
ശ്രീമതി. ജെ അരുന്ധതി:
ശ്രീ. കെ.സി. രാജഗോപാലൻ:

ശ്രീ.സി. ദിവാകരൻ
(ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി).

(എ) പാലോടുള്ള വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം എന്താണ്;

(എ) കന്നുകാലികൾക്കും പക്ഷികൾക്കും ഭീഷണിയാകുന്ന പ്രധാന സാംക്രമികരോഗങ്ങൾക്കുള്ള പ്രതിരോധ വാക്സിൻ ഉൽപാദിപ്പിച്ച് വിതരണം നടത്തുകയാണ് പ്രധാന ലക്ഷ്യം. കന്നുകാലികളെ ബാധിക്കുന്ന ആന്ത്രാക്സ് അഥവാ അടപ്പൻ, കുരലടപ്പൻ, കരിങ്കാൽ എന്നി രോഗങ്ങളെ പ്രതിരോധിക്കുന്നതിനും വളർത്തു പക്ഷികളെബാധിക്കുന്ന കോഴിവസന്ത, കോഴി വസൂരി, താറാവ് വസന്ത, താറാവ് പ്ളേഗ് എന്നിവയ്ക്കുള്ള വാക്സിനുകൾ ഇവയാണ്പ്രധാനമായും ഉൽപ്പാദിപ്പിക്കുന്നത്. ബ്രൂസല്ലോസിസ്, സാൽമണല്ലോസിസ് തുടങ്ങിയ രോഗങ്ങളെ നിർണ്ണയിക്കുന്നതിനുള്ള ആന്റിജനുകളും ഉൽപാദിപ്പിക്കുന്നു.

ഇതിനുപുറമേ കന്നുകാലികളിലെ അകിട് വീക്ക നിർണ്ണയത്തിനും നിയന്ത്രണത്തിനും സഹായമാകുന്ന കിറ്റുകൾ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നു. രോഗങ്ങളെയും വാക്സിനുകളെയും കുറി

ച്ചുള്ള ഗവേഷണവും പരിശീലനവും ഇവിടെ നടത്തി വരുന്നു.

മൃഗസംരക്ഷണമേഖലയിലെ വിദ്യാർത്ഥികൾക്കും ബയോടെക്നോളജിബിരുദ വിദ്യാർത്ഥികൾക്കും ഗവേഷണത്തിനും പഠനത്തിനും സൗകര്യമുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇൻസ്റ്റിറ്റ്യൂട്ടിനെ നവീകരിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ; | (ബി) | ഇൻസ്റ്റിറ്റ്യൂട്ടിനെ നവീകരിക്കുന്നതിൻെറ ഭാഗമായി പ്രധാന ലബോറട്ടികളായ വൈറോളജി, ബാക്ടീരിയോളജി, സ്റ്റാൻഡേഡൈസേഷൻ ഇവയെ ജി.എം.പി. തലത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (സി) | കന്നുകാലികളുടെ രോഗപ്രതിരോധത്തിന് ആവശ്യമായ വാക്സിനുകൾ ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇവിടെ ഇപ്പോൾ എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്? | (ഡി) | 1.ബ്രൂസല്ല രോഗപ്രതിരോധ വാക്സിൻ വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ബ്രൂസല്ല അബോർക്സ് സ്ട്രയിൻ 19 എന്ന സൂക്ഷ്മാണുവിനെ ഉപയോഗിച്ച് കന്നുകുട്ടികൾക്ക് നൽകാവുന്ന വാക്സിൻ തയ്യാറാക്കുന്നതിനുള്ള ഗവേഷണം നടന്നുവരുന്നു.<br><br>2. കേരളത്തിൽ കന്നുകാലികളിലെ ബ്രൂസല്ല രോഗത്തിൻെറ വ്യാപ്തി കണ്ടെത്തുന്നതിനുള്ള സിറോ എപ്പിഡമോളജിപഠനംനടക്കുന്നു.<br><br>3. ഗോരക്ഷ പദ്ധതിപ്രകാരം പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കപ്പെടുന്ന ഉരുക്കളുടെ രക്തസാമ്പിളുകൾ പരിശോധിച്ച് പ്രതിരോധ |

ശക്തിയുടെ അളവ് മനസ്സിലാക്കുന്ന
തിനുള്ള ഗവേഷണം നടക്കുന്നു.
കുളമ്പുരോഗത്തിന് കാരണമാ
കുന്ന അണുക്കളുടെ ഇനം കണ്ടെ
ത്തുന്നതിനുള്ള പരീക്ഷണങ്ങളും
നടത്തി വരുന്നു.

4. ശ്രീ.ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
മെഡിക്കൽസയൻസ്, രാജീവ്ഗാന്ധി
സെൻറർ ഫോർ ബയോടെക്നോ
ളജി തുടങ്ങിയ പ്രമുഖ ഗവേഷണ
സ്ഥാപനങ്ങളുമായി സഹകരിച്ചും
ഇവിടെ ഗവേഷണപ്രവർത്തന
ങ്ങൾ നടത്തി വരുന്നു.

Omanakumari

സെക്ഷൻ ഓഫീസർ

## <u>പതിമൂന്നാം കേരള നിയമസഭ - എട്ടാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 476     15/07/2008 ൽ മറുപടിക്ക്**

**പൊതുമേഖല - സ്വയംഭരണ - അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്കു വിടാൻ നടപടി**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.സി.ടി.അഹമ്മദ് അലി:<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി:<br>ശ്രീ.പി.കെ.അബ്ദുറബ്ബ്: | ശ്രീ.വി.എസ്. അച്യുതാനന്ദൻ, മുഖ്യമന്ത്രി.<br>......... |
| (എ) പൊതുമേഖല - സ്വയംഭരണ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ഭാവിയിൽ എന്തൊക്കെ നടപടി കൈക്കൊള്ളും; | (എ) 26/12/1997 ലെ 17105/ബി.പി.ഇ.3/ 07/പ്ലാനിംഗ് നമ്പർ സർക്കുലർ പ്രകാരം നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ ആയത് Kerala Public Service commission (Consultation by Corporation and Companies) Rules 1971 - ന്റെ റൂൾ (2) ന്റെ സബ്റൂൾ (ബി) പ്രകാരം ഉൾപ്പെടുത്തേണ്ടതായുള്ള വ്യവസ്ഥകൾ പാലിക്കണം എന്ന് എല്ലാ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടെങ്കിലും നിയമന ചട്ടങ്ങളുടെ അഭാവം മൂലം ചില പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ കമ്മീഷന് ഏറ്റെടുക്കാൻ കഴിയാതെ വരുന്നുണ്ട്. ഈ സാഹചര്യത്തിൽ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടുന്നതിന്റെ ഭാഗമായി നിയമന ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലാത്ത എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും സമയബന്ധിതമായി അവ രൂപീകരിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മേധാവികളോടും നിർദ്ദേശിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടിട്ടുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും സ്പെഷ്യൽ റൂൾസ് ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദ വിവരം അറിയിക്കുവാൻ 2/11/06 ലെ 12178/ബി.പി.ഇ.2/06/പ്ലാനിംഗ് നമ്പർ സർക്കുലർ |

പ്രകാരം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 14/5/08 ലെ ബി.പി.ഇ. ഡയറക്ടറുടെ അർദ്ധ ഔദ്യോഗിക കത്ത് നം.5316//ബി.പി.ഇ.2/ 08/പ്ലാനിംഗ് പ്രകാരം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളോടും സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നത് സംബന്ധിച്ച് അതാത് സ്ഥാപനം സ്വീകരിച്ച നടപടി സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുവാൻ ഒരിക്കൽ കൂടി ആവശ്യപ്പെട്ടിട്ടുണ്ട്. സ്വയംഭരണ -അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നത് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) പിന്നോക്കസമുദായ സംവരണം പാലിക്കുന്നത് ഉറപ്പു വരുത്താൻ ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്ത് നടപടികൈക്കൊള്ളാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) ഉണ്ട്. 28/11/1966 ലെ ജി.ഒ.(എം.എസ്) 363/66/ പി.ഡി. എന്ന ഉത്തരവ് പ്രകാരം ഓരോ വകുപ്പുകളിലും പിന്നോക്ക വിഭാഗങ്ങളുടെ നിയമനം പുനഃപരിശോധിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി കാലാകാലങ്ങളിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 20/10/06 ലെ ജി.ഒ.(എം.എസ്) 274/06/ ജി.എ.ഡി. എന്ന ഉത്തരവ് പ്രകാരമാണ് കമ്മിറ്റി അവസാനമായി പുനഃസംഘടിപ്പിച്ചത്. പ്രസ്തുത കമ്മിറ്റിയിൽ മുഖ്യമന്ത്രി ചെയർമാനായും പിന്നോക്കവികസനവും ഊർജ്ജവും വകുപ്പ് മന്ത്രി വൈസ് ചെയർമാനായും 14 എം.എൽ.എ.മാർ അംഗങ്ങളുമായാണ് പ്രവർത്തിക്കുന്നത്. ഇതിനുപുറമെ പ്രസ്തുത കമ്മിറ്റിയിൽ പി.എസ്.സി. ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ സെക്രട്ടറിമാരും വകുപ്പുതല ഡയറക്ടർമാരും ഔദ്യോഗിക അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വിവിധ വകുപ്പുകളിൽ നടത്തുന്ന താത്കാലിക നിയമനങ്ങളിൽ സംവരണം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) 1/2/1980 ലെ ജി.ഒ.(എം.എസ്)നം. 67/80/ജി.എ.ഡി. നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ടാണ് വിവിധ വകുപ്പുകളിൽ സംവരണതത്വം പ്രകാരം താൽകാലിക നിയമനങ്ങൾ നടത്തുന്നത്. പി.എസ്.സി. വഴി നിയമനം നടത്തുന്ന വിവിധ സർക്കാർ വകുപ്പുകളിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം എല്ലാ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി വാർഷികാവലോകനം നടത്തുകയും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 10% പ്രാതിനിധ്യം ലഭ്യമാകാത്ത വകുപ്പുകളിൽ അവർക്ക് 10% പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ആനുപാതികമായി തസ്തികകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി സംവരണം ചെയ്തു ഉത്തരവു പുറപ്പെടുവിക്കുകയുമാണ് ചെയ്യുന്നത്.

(ഡി) ജനസംഖ്യയും നിലവിലെ ഉദ്യോഗപ്രാതിനിധ്യവും കണക്കിലെടുത്ത് വിവിധ സമുദായങ്ങളിലെ സംവരണതോത് പുനർനിർണ്ണയിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) 1993 ലെ കെ.എസ്.സി.ബി.സി. ആക്ട് 11 ലെ സെക്ഷൻ 11 പ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് സർക്കാർ ഉത്തരവ് (എം.എസ്) നം.24/2007/പ.ജ.പ.വ.വി.വ. തീയതി 13/4/2007 പ്രകാരവും സർക്കാർ ഉത്തരവ് (എം.എസ്) നം.44/2007/പ.ജ.പ.വ.വി.വ. തീയതി 27/7/2007പ്രകാരവും പട്ടികജാതി പട്ടികവർഗ്ഗ സമുദായവും മുന്നോക്ക സമുദായങ്ങളും ഒഴിച്ചുള്ള എല്ലാ സമുദായങ്ങളുടെയും വിദ്യാഭ്യാസവും സാമൂഹിക സാമ്പത്തികവുമായ നിലവാരത്തെക്കുറിച്ച് ഒരു സമഗ്ര സർവ്വേ നടത്തുന്നതിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) മെരിറ്റിലും സംവരണത്തിലും തെരഞ്ഞെടുക്കപ്പെട്ടവരുടെ വെവ്വേറെയുള്ള നിയമന ചാർട്ട് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഇങ്ങനെ പ്രസിദ്ധീകരിക്കണമെന്ന നിയമം നിലവിലുണ്ടോ; എങ്കിൽ അതുണ്ടായിട്ടും പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(ഇ & എഫ്) ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന നിയമന ശിപാർശ കത്തിലും ബന്ധപ്പെട്ട വകുപ്പിന് നൽകുന്ന അഡ്വൈസ് ലെറ്ററിലും മെരിറ്റടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നേരെ ഒ.സി. ടേൺ (ഓപ്പൺ കോമ്പറ്റീഷൻ) എന്നും സംവരണാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർക്ക് നേരെ ബി.സി. ടേൺ എന്നും രേഖപ്പെടുത്തി വരുന്നുണ്ട്. കമ്മീഷന്റെ വെബ്സൈറ്റിലും, എൻക്വയറി വിഭാഗത്തിലും മേൽവിവരം നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ - - എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.477. 15.7.2008- ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി വനിതാസംഘങ്ങൾ

ചോദ്യം

ശ്രീ. സി.കെ.സദാശിവൻ :

ശ്രീ.എ.പ്രദീപ് കുമാർ :

ശ്രീ. കെ.വി.കുഞ്ഞിരാമൻ :

ശ്രീ.സി.എച്ച്. കുഞ്ഞമ്പു :

ശ്രീ.സി.എം.ദിനേശ് മണി :

മറുപടി

ശ്രീ. എസ്. ശർമ്മ

(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മത്സ്യത്തൊഴിലാളി വനിതാസംഘങ്ങൾ ചെറുകിട സംരംഭങ്ങൾ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വഴിയോരങ്ങളിൽ ഫിഷ് കിയോസ്കുകളും മിനി സൂപ്പർമാർക്കറ്റുകളും മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമികസഹകരണസംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന വനിതാസ്വയം സഹായസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മത്സ്യ ഉല്പന്നങ്ങൾ, സുനാമി അടിയന്തിരസഹായ പദ്ധതിയിൽ മത്സ്യവനിതാസ്വയം സഹായസംഘങ്ങൾക്ക് അനുവദിച്ച ഫിഷ് കിയോസ്കുകളും 18 സൂപ്പർമാർക്കറ്റുകളും വഴി വിറ്റഴിക്കുന്നതിന് ക്രമീകരണം ചെയ്തുവരുന്നു. മത്സ്യഫെഡ് പ്രാഥമികസഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ 30 മത്സ്യനീതി സ്റ്റോറുകൾ കൺസ്യൂമർഫെഡുമായി സഹകരിച്ച് 9 തീരദേശജില്ലകളിലും ഉൾനാടൻ ജില്ലയായ കോട്ടയത്തും തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ മത്സ്യനീതി സ്റ്റോറുകൾവഴി മത്സ്യം, മത്സ്യഉല്പന്നങ്ങൾ എന്നിവയോടൊപ്പം നിത്യോപയോഗസാധനങ്ങളും വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്നു. |
| (ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി)<br>**ഫിഷ് കിയോസ്കുകൾ**<br><br>സുനാമി അടിയന്തിരസഹായ പദ്ധതിയിൽ (ടീപ്പ് TEAP) 'മത്സ്യവിപണന' ബൂത്തുകൾ എന്ന ഉപപദ്ധതിയിൻകീഴിലാണ് ഫിഷ് കിയോസ്കുകൾ ആരംഭിക്കുന്നത്. 45 യൂണിറ്റുകളാണ് ഉദ്ദേശിക്കുന്നത്. അഞ്ച് പേരടങ്ങുന്ന ഒരുഗ്രൂപ്പിൽ സ്വയംസഹായസംഘത്തിന് |

ന്നുള്ള (എസ്.എച്ച്.ജി.) 2 പുരുഷന്മാരും 3 സ്ത്രീകളുമാണ് ഉള്ളത്. മത്സ്യം വൃത്തിയായി കൈകാര്യം ചെയ്യുന്നതിനും, അതിനെ കേടു കൂടാതെ ഇൻസുലേറ്റഡ് ബോക്സുകളിൽ സൂക്ഷിക്കുന്നതിനും കിയോസ്കുകളിൽ സൗകര്യമുണ്ടാകും. വിപണനത്തിനായി ഡിസ്പ്ലേ ട്രേയും ലഭ്യമാക്കുന്നുണ്ട്. 173.5 ലക്ഷം രൂപയാണ് പദ്ധതിയുടെ മൊത്തം അടങ്കൽ തുക. ഇതിൽ ടീപ്പിന്റെ സബ്സിഡി ആയി 141.5 ലക്ഷം രൂപയും ബാങ്ക് ലോൺ ആയി 24 ലക്ഷം രൂപയും സ്വയംസഹായസംഘങ്ങളുടെ ഷെയറായി 8 ലക്ഷം രൂപയും ഉൾപ്പെടുന്നു. പദ്ധതി 9 തീരദേശജില്ലകളിലാണ് നടപ്പിലാക്കി വരുന്നത്. 30 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

മത്സ്യനീതി സ്റ്റോറുകൾ

തീരദേശമേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് ഗുണമേന്മയേറിയ നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ അവരുടെ സ്വന്തം ഗ്രാമങ്ങളിൽ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്. പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളുടെ പൂർണ്ണ നിയന്ത്രണത്തിൽ കൺസ്യൂമർഫെഡുമായി സഹകരിച്ച് മത്സ്യനീതിസ്റ്റോറുകൾ പ്രവർത്തിക്കുകയാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ 9 തീരദേശജില്ലകളിലും ഉൾനാടൻ ജില്ലയായ കോട്ടയത്തും ആകെ 30 മത്സ്യനീതി സ്റ്റോറുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. ഇതിലേയ്ക്കായി കൺസ്യൂമർഫെഡുമായി ഒരു ഉടമ്പടിയിലേർപ്പെടുന്നത് ഉൾപ്പെടെയുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

സൂപ്പർമാർക്കറ്റുകൾ

9 തീരദേശജില്ലകളിലായി 18 സൂപ്പർമാർക്കറ്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കുന്നുണ്ട്.

| | |
|---|---|
| (സി) മത്സ്യഫെഡിന്റെ നിലവിലുള്ള മത്സ്യവില്പന കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ; | (സി) ഉണ്ട്. മത്സ്യഫെഡിന്റെ കൊച്ചിയിലുള്ള ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് കേന്ദ്രീകരിച്ച് ഐസിട്ട മത്സ്യവും മൂല്യവർദ്ധിത ഉത്പന്നങ്ങളും നൽകി മത്സ്യവിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചുവരുന്നു. |
| (ഡി) മത്സ്യഫെഡിന്റെ വില്പനശാലകളിലൂടെ കൂടുതൽ ഭക്ഷ്യസാധനങ്ങൾ വില്പന നടത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) മത്സ്യഫെഡിന്റെ വില്പനശാലകളിൽ കൺസ്യൂമർ ഫെഡുമായി സഹകരിച്ച് ഭക്ഷ്യസാധനങ്ങൾ സംഭരിച്ച് വിതരണം ചെയ്യാൻ ഉദ്ദേശമുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ 30 മത്സ്യനീതിസ്റ്റോറുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഇവയുടെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.478. 15.7.2008- ൽ മറുപടിയ്ക്ക്

## മത്സ്യകയറ്റുമതി വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് : | ശ്രീ. എസ്. ശർമ്മ |
| ശ്രീ.പി.കെ.അബ്ദുറബ്ബ് : | (ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

**(എ)** ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും കയറ്റുമതി ചെയ്ത മത്സ്യത്തിന്റെ കണക്ക് വ്യക്തമാക്കുമോ ;

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും കയറ്റുമതി ചെയ്ത മത്സ്യത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | അളവ് (ടണ്ണിൽ) |
|---|---|
| 2006-07 | 108617 |
| 2007-08 | 99211 |

**(ബി)** ഏതെല്ലാം ഇനം മത്സ്യങ്ങളാണ് കയറ്റി അയച്ചത് ;

(ബി) മരവിപ്പിച്ച ചെമ്മീൻ, മരവിപ്പിച്ച കൂന്തൽ, മരവിപ്പിച്ച കണവ, ഉണക്ക മത്സ്യം, ജീവനുള്ള മത്സ്യം, ചിൽഡ് ഐറ്റം, മരവിപ്പിച്ച മത്സ്യം, മറ്റിനം എന്നിവയാണ് കയറ്റി അയച്ചത്.

**(സി)** ഓരോന്നിനും ലഭിച്ച തുക എത്ര വീതം ;

(സി) കയറ്റിഅയച്ച മത്സ്യങ്ങളുടെയും ലഭിച്ച തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

(വില ലക്ഷം രൂപയിൽ)
(അളവ് ടണ്ണിൽ)

| ഇനം | 2006-07 | 2007-08 (Provisional) |
|---|---|---|
| മരവിപ്പിച്ച ചെമ്മീൻ | | |
| അളവ് | 29413 | 26549 |
| വില | 62969.40 | 54730.13 |
| മരവിപ്പിച്ച മത്സ്യം | | |
| അളവ് | 28036 | 30820 |
| വില | 15576.46 | 19521.39 |

| | | |
|---|---|---|
| **മരവിപ്പിച്ച കണവ**<br>അളവ്<br>വില | <br>21294<br>36222.72 | <br>20067<br>36924.48 |
| **മരവിപ്പിച്ച കൂന്തൽ**<br>അളവ്<br>വില | <br>16508<br>22061.60 | <br>11322<br>15742.49 |
| **ഉണക്ക മത്സ്യം**<br>അളവ്<br>വില | <br>116<br>470.22 | <br>62<br>298.08 |
| **പച്ച മത്സ്യം**<br>അളവ്<br>വില<br>**ചിൽഡ് ഐറ്റം**<br>അളവ്<br>വില | <br>177<br>1452.29<br><br>2112<br>3594.21 | <br>183<br>1578.48<br><br>1676<br>3162.38 |
| **മറ്റിനം**<br>അളവ്<br>വില | <br>10960<br>10364.67 | <br>8532<br>9587.20 |
| ആകെ<br>അളവ്<br>വില | <br>108617<br>152411.59 | <br>99211<br>141544.83 |

| | |
|---|---|
| (ഡി) മത്സ്യകയറ്റുമതി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (ഡി) മത്സ്യകയറ്റുമതി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ഫിഷറീസ് വകുപ്പ് താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. മത്സ്യകയറ്റുമതി ലക്ഷ്യമിട്ട് ട്യൂണ തുടങ്ങിയ മത്സ്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ തീരക്കടലിൽ പ്രവർത്തിക്കുന്ന കുറച്ചു യാനങ്ങളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തമാക്കുന്നതിനായുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മത്സ്യഫെഡ് വഴി 'ഡോറിഫിഷിംഗ് ' പദ്ധതി നട |

പ്പിലാക്കുന്നു.

2. മത്സ്യകയറ്റുമതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂറോപ്യൻ യൂണിയൻ നിലവാരത്തിനനുസരിച്ചുള്ള ശുചിത്വം പാലിച്ചുകൊണ്ടുള്ള മത്സ്യബന്ധനതുറമുഖങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

3. അലങ്കാരമത്സ്യങ്ങളുടെ ഉല്പാദനവും കയറ്റുമതിയും ലക്ഷ്യമിട്ട് അക്വാടെക്നോളജി പാർക്ക് കൊച്ചിയിൽ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

4. ആലപ്പുഴ ജില്ലയിലെ അരൂർ ഉൾപ്പെട്ട പ്രദേശം സ്പെഷ്യൽ എക്കണോമിക് സോണായി പ്രഖ്യാപിച്ച് അതനുസരിച്ചുള്ള നവീകരണ പ്രക്രിയകൾ നടന്നുവരുന്നു.

5. കയറ്റുമതി പ്രാധാന്യം മുന്നിൽകണ്ട് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് 'നളപാകം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

6. കൊല്ലം ജില്ലയിലെ ശക്തികുളങ്ങരയിൽ എം.പി.ഇ.ഡി.എ.യുടെ സഹായത്തോടെ ആധുനിക സജ്ജീകരണങ്ങളുള്ള ഒരു പ്രീപ്രോസസിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് 'മത്സ്യകേരളം' പദ്ധതി നടപ്പിലാക്കിവരുന്നു.

കൊച്ചിയിലുള്ള മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽനിന്നും ഇപ്പോൾ യൂറോപ്പിതര രാജ്യങ്ങളിലേയ്ക്കാണ് കയറ്റുമതി നടത്തുന്നത്. കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് യൂറോപ്യൻ യൂണിയന്റെ കൂടി അംഗീകാരം പ്ലാന്റിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജപ്പാനിലേക്കും യൂറോപ്യൻ രാജ്യങ്ങളിലേക്കും സ്കിപ്പ്ജാക്ക് ട്യൂണ കയറ്റുമതി വർദ്ധിപ്പിക്കു

| | |
|---|---|
| | വാൻ കൊച്ചിയിലുള്ള കയറ്റുമതി വികസനഅതോറിറ്റിയുടെ സഹകരണത്തോടെ സഷ്മി ഗ്രേഡ് ട്യൂണ ടെർമിനൽ കൊച്ചിയിലെ മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. 2012-ഓടുകൂടി 4 ബില്യൻ ഡോളറിന്റെമത്സ്യകയറ്റുമതി ലക്ഷ്യമിട്ടാണ് എം.പി.ഇ.ഡി.എ. പ്രവർത്തിക്കുന്നത്. ഇതിനായി എം.പി.ഇ.ഡി.എ. വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 479 — 15.07.2008-ൽ മറുപടിയ്ക്ക്

### സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി ) |
| (എ) പെട്രോൾ-ഡീസൽ വില വർദ്ധനവ് സർക്കാർ വാഹനങ്ങളുടെ ഇന്ധന ചെലവിൽ എന്തുമാത്രം വർദ്ധനവുണ്ടാക്കിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; | (എ) കൃത്യമായി കണക്കാക്കിയിട്ടില്ല. |
| (ബി)സർക്കാർ വാഹനങ്ങളുടെ ഉപയോഗത്തിൽ മിതത്വം പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (ബി) നിർദ്ദേശം നിലവിലുണ്ട്. |
| (സി)സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ കർശന നടപടി സ്വീകരിക്കുമോ ? ; | (സി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് കർശന നടപടി സ്വീകരിക്കാനുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 480 — 15-07-2008 ൽ മറുപടിക്ക്.

## കൊച്ചി വിമാനത്താവളം

ചോദ്യം:
ശ്രീ.സാജു പോൾ :
ശ്രീ.അൽഫോൺസ് കണ്ണന്താനം :
ശ്രീ.എം.ജെ.ജേക്കബ് :
ശ്രീ.എം.എം.മോനായി :
ശ്രീ.എ.എം.യൂസഫ് :

ഉത്തരം
ശ്രീ. വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ). കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ഇപ്പോൾ എത്ര വിമാന സർവ്വീസുകൾ പുറപ്പെടുന്നുണ്ട് ;

(എ). ആഴ്ചയിൽ 189 അന്താരാഷ്ട്ര സർവ്വീസുകളും 250 ആഭ്യന്തര സർവ്വീസുകളും ഉൾപ്പെടെ ആകെ 439 സർവ്വീസുകൾ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് പുറപ്പെടുന്നു.

(ബി).കൊച്ചി വിമാനത്താവളത്തോടനുബന്ധിച്ച് ഐ.ടി.പാർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി). ഉണ്ട്. ഐ. ടി പാർക്ക് സ്പെഷ്യൽ എക്കണോമിക് സോൺ ആയി നോട്ടിഫൈ ചെയ്യുന്നതിനുള്ള കൊച്ചിൻ ഇന്റർ നാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി). വിമാനത്താവളത്തോടനുബന്ധിച്ച് ആരംഭിക്കാനുദ്ദേശിക്കുന്ന മറ്റ് പദ്ധതികൾ ഏതെല്ലാമാണ് ;

(സി). വിമാനത്താവളത്തിന്റെ നഗരത്തോടടുത്ത ഭാഗത്ത് ഒരു എയർപോർട്ട് സിറ്റി വികസിപ്പിക്കുന്നതിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

1. എയർക്രാഫ്റ്റ് മെയിന്റനൻസ് ഹാംഗേഴ്സ്
2. ഏവിയേഷൻ അക്കാഡമി.
3. ഗോൾഫ് കോഴ്സ്
4. ഐറ്റി പാർക്ക്.
5. ലോജിസ്റ്റിക് സെന്റർ
6. കൺവെൻഷൻ സെന്റർ
7. എക്സിബിഷൻ ഹാൾ

8. ഫൈവ് സ്റ്റാർ ആൻറ് ബഡ്ജറ്റ് ഹോട്ടൽസ്
9. ഷോപ്പിംഗ് മാൾസ്.
10. മൾട്ടി പ്ലക്സസ്
11. ഫാമിലി എന്റർടെയ്ൻമെന്റ് സെന്ററുകൾ
12. മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ
13. സെന്റർ ഫോർ പെരിഷബിൾ കാർഗോ

| | |
|---|---|
| (ഡി). വിമാനത്താവള വികസനത്തിനായി കൂടുതൽ സ്ഥലം ഏറ്റെടുക്കാനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കുമോ ? | (ഡി). ഇല്ല. |

സെക്ഷൻ ഓഫീസർ